# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## തളിക്കുളം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in

ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: നം. കെ.എസ്.എ.ടി.എസ്.ആർ.(പി.14)908 /2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 01/07/2022
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തളിക്കുളം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : തളിക്കുളം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തളിക്കുളം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: നം. കെ.എസ്.എ.ടി.എസ്.ആർ.(പി.14)908 /2022 തീയ്യതി: 01/07/2022

## തൃശ്ശൂർ ജില്ലയിലെ തളിക്കുളം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ തളിക്കുളം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2019 മുതൽ 31-03-2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 35 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.സതീശൻ . എൻ | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ) | 06-06-2022 | 13-06-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 06-06-2022 | 13-06-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി ബിത.ടി.എസ്, ഓഡിറ്റ് ഓഫീസർ
ശ്രീമതി സീനത്ത്.പി.എ, ഓഡിറ്റ് ഓഫീസർ
ശ്രീമതി സുമിത.ടി.എസ്, അസി.ഓഡിറ്റ് ഓഫീസർ
ശ്രീമതി സുനിത.ആർ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി നിജു.സി.എസ്, ഓഡിറ്റർ [7.6.22 മുതൽ ]
ശ്രീമതി ധന്യ ദിലീപ്, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.സജിത പി.ഐ | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീ.ജോയ് .കെ.കെ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2019 | 24-04-2019 |
| ശ്രീ.ഉന്മേഷ്.എ.ആർ. | സെക്രട്ടറി | 25-04-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| കെ.കെ.ജോയ് | അസി.സെക്രട്ടറി | 01-04-2019 | 27-07-2019 |
| സുജ.ബി.എസ് | അസി.സെക്രട്ടറി | 27-07-2019 | 08-08-2019 |
| മുംതാസ്. എ.വി | അസി.സെക്രട്ടറി | 09-08-2019 | 31-03-2020 |
| ഗ്രേസി.എ.റ്റി | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ബിന്ദു .എം.യു | അസി.എൻജിനീയർ | 01-04-2019 | 30-06-2019 |
| ലൈഷ .പി. അശോകൻ | അസി.എൻജിനീയർ | 01-07-2019 | 01-08-2019 |
| ബിന്ദു .എം.യു | അസി.എൻജിനീയർ | 01-08-2019 | 01-09-2019 |
| ശ്രുതി എൻ സുബ്രഹ്മണ്യൻ | അസി.എൻജിനീയർ | 02-09-2019 | 21-01-2020 |
| ബിന്ദു .എം.യു | അസി.എൻജിനീയർ | 22-01-2020 | 31-03-2020 |
| ഡോ.നിജു ജോർജ് | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. | 01-04-2019 | 14-10-2019 |
| കേതൽ പ്രമോദ് | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. | 15-10-2019 | 31-03-2020 |
| ഡോ. ലിറ്റി ടോം | മെഡിക്കൽ ഓഫീസർ, [ആയുർവ്വേദം] | 01-04-2019 | 31-03-2020 |
| ഡോ.അനീഷ് കുമാർ.എസ്.ബി | വെറ്ററിനറി സർജൻ | 01-04-2019 | 31-03-2020 |
| ശ്രീകല എം.പി. | ജി.എം.എൽ.പി.എസ് നോർത്ത്, തളിക്കുളം | 01-04-2019 | 31-03-2020 |
| ജൂഡി.എസ് | വി.ഇ.ഒ,ഇടശ്ശേരി സർക്കിൾ | 01-04-2019 | 31-03-2020 |
| ദിവ്യ.ടി.ശങ്കർ | വി.ഇ.ഒ,തളിക്കുളം സർക്കിൾ | 01-04-2019 | 31-03-2020 |
| ജീജഭായി.ഇ.എച്ച്. | ഐ.സി.ഡി.എസ് | 01-04-2019 | 31-05-2019 |

| | | | |
|---|---|---|---|
| | സൂപ്പർവൈസർ | | |
| ഷീനത്ത് കെ.പി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-06-2019 | 24-12-2019 |
| അനിതകുമാരി.പി.എച്ച് | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 25-12-2019 | 31-03-2020 |
| വി.എസ്.സുരേഷ് ബാബു | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 01-04-2019 | 31-03-2020 |
| ഒഴിവ് | ഡയറി ഫാം ഇൻസ്പെക്ടർ | 01-04-2019 | 06-06-2019 |
| ശ്രീലക്ഷ്മി എം.എം | ഡയറി ഫാം ഇൻസ്പെക്ടർ | 07-06-2019 | 08-01-2020 |
| സ്മൃതി വാസുദേവൻ | ഡയറി ഫാം ഇൻസ്പെക്ടർ | 09-01-2020 | 31-03-2020 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പര്‍ |
|---|---|---|
| 1 | ബജറ്റ്<br>Written By: Bita.T.S (Audit Officer (HG), On 08-06-2022)<br>Last Updated By: Bita.T.S (Audit Officer (HG), On 01-07-2022) | 1-1 |
| 2 | വാര്‍ഷിക ധനകാര്യ പത്രിക<br>Written By: Bita.T.S (Audit Officer (HG), On 11-06-2022)<br>Last Updated By: Bita.T.S (Audit Officer (HG), On 11-06-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Bita.T.S (Audit Officer (HG), On 11-06-2022)<br>Last Updated By: Bita.T.S (Audit Officer (HG), On 11-06-2022) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: Bita.T.S (Audit Officer (HG), On 08-06-2022)<br>Last Updated By: Bita.T.S (Audit Officer (HG), On 08-06-2022) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Bita.T.S (Audit Officer (HG), On 11-06-2022)<br>Last Updated By: Bita.T.S (Audit Officer (HG), On 20-06-2022) | 1-5 |
| 6 | ക്ഷേമപെന്‍ഷനുകള്‍<br>Written By: Bita.T.S (Audit Officer (HG), On 11-06-2022)<br>Last Updated By: Bita.T.S (Audit Officer (HG), On 17-06-2022) | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: Bita.T.S (Audit Officer (HG), On 11-06-2022)<br>Last Updated By: Bita.T.S (Audit Officer (HG), On 20-06-2022) | 1-7 |
| 8 | കാഷ് വെരിഫിക്കേഷന്‍<br>Written By: Bita.T.S (Audit Officer (HG), On 11-06-2022)<br>Last Updated By: Bita.T.S (Audit Officer (HG), On 20-06-2022) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം<br>Written By: Bita.T.S (Audit Officer (HG), On 11-06-2022)<br>Last Updated By: Bita.T.S (Audit Officer (HG), On 20-06-2022) | 1-9 |
| 10 | വാര്‍ഷികകണക്കുള്‍-അടിസ്ഥാന അനുപാതങ്ങള്‍ ഉള്‍പ്പെടുത്തിയിട്ടില്ല.<br>Written By: Sunitha.R (Senior Grade Auditor, On 10-06-2022)<br>Last Updated By: Bita.T.S (Audit Officer (HG), On 17-06-2022) | 1-10 |
| 11 | വസ്തു നികുതി -ഡിസിബി പത്രിക വാര്‍ഷികകണക്കുമായി പൊരുത്തപ്പെടുന്നില്ല<br>Written By: Sunitha.R (Senior Grade Auditor, On 10-06-2022)<br>Last Updated By: Bita.T.S (Audit Officer (HG), On 20-06-2022) | 1-11 |
| 12 | ലൈബ്രറി സെസ്സ് (തന്‍വര്‍ഷം +കുടിശ്ശിക)-വാര്‍ഷികകണക്കും ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല<br>Written By: Sunitha.R (Senior Grade Auditor, On 10-06-2022)<br>Last Updated By: Bita.T.S (Audit Officer (HG), On 21-06-2022) | 1-12 |
| 13 | വസ്തു നികുതി -ഡിമാന്റ് എന്‍ട്രി യഥാസമയം രേഖപ്പെടുത്തുന്നില്ല<br>Written By: Sunitha.R (Senior Grade Auditor, On 10-06-2022)<br>Last Updated By: Bita.T.S (Audit Officer (HG), On 17-06-2022) | 1-13 |
| 14 | വസ്തു നികുതി മുന്‍കൂര്‍ തുക- സാങ്കല്പികമായി വര്‍ദ്ധിപ്പിച്ചു<br>Written By: Sunitha.R (Senior Grade Auditor, On 10-06-2022)<br>Last Updated By: Bita.T.S (Audit Officer (HG), On 20-06-2022) | 1-14 |
| 15 | അക്രൂവല്‍ അടിസ്ഥാനത്തിലുള്ള വരുമാനങ്ങള്‍-ജേണല്‍ എന്‍ട്രികള്‍ - വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കേണ്ടതാണ്.<br>Written By: Sunitha.R (Senior Grade Auditor, On 10-06-2022)<br>Last Updated By: Bita.T.S (Audit Officer (HG), On 21-06-2022) | 1-15 |
| 16 | കൈയ്യെഴുത്തായി സൂക്ഷിക്കുന്ന വരവ് രജിസ്റ്ററുകള്‍ - കൃത്യമായി | 1-16 |

| | | |
|---|---|---|
| | സൂക്ഷിക്കുന്നില്ല<br>Written By: Sunitha.R (Senior Grade Auditor, On 10-06-2022)<br>Last Updated By: Bita.T.S (Audit Officer (HG), On 21-06-2022) | |
| 17 | മുൻകൂറായി ലഭിച്ച വരുമാനങ്ങൾ- രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല<br>Written By: Sunitha.R (Senior Grade Auditor, On 10-06-2022)<br>Last Updated By: Bita.T.S (Audit Officer (HG), On 17-06-2022) | 1-17 |
| 18 | Prior Period Item-എൻട്രികളെ സാധൂകരിക്കുന്ന രേഖകൾ ഇല്ല<br>Written By: Sunitha.R (Senior Grade Auditor, On 10-06-2022)<br>Last Updated By: Bita.T.S (Audit Officer (HG), On 20-06-2022) | 1-18 |
| 19 | ജേണൽ എൻട്രികൾക്കുള്ള വൗച്ചർ സൂക്ഷിക്കുന്നില്ല<br>Written By: Sunitha.R (Senior Grade Auditor, On 10-06-2022)<br>Last Updated By: Bita.T.S (Audit Officer (HG), On 20-06-2022) | 1-19 |
| 20 | ആസ്തി രജിസ്റ്റർ കാലികമാക്കേണ്ടതാണ്<br>Written By: Sunitha.R (Senior Grade Auditor, On 10-06-2022)<br>Last Updated By: Bita.T.S (Audit Officer (HG), On 20-06-2022) | 1-20 |
| 21 | കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല<br>Written By: Sunitha.R (Senior Grade Auditor, On 11-06-2022)<br>Last Updated By: Bita.T.S (Audit Officer (HG), On 21-06-2022) | 1-21 |
| 22 | ആസ്തികളുടെ മൂല്യത്തേക്കാൾ കൂടുതൽ തേയ്മാനം കണക്കാക്കി<br>Written By: Sunitha.R (Senior Grade Auditor, On 13-06-2022)<br>Last Updated By: Bita.T.S (Audit Officer (HG), On 20-06-2022) | 1-22 |
| 23 | തൊഴിലുറപ്പ്പദ്ധതി- വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല<br>Written By: Sunitha.R (Senior Grade Auditor, On 13-06-2022)<br>Last Updated By: Bita.T.S (Audit Officer (HG), On 20-06-2022) | 1-23 |
| 24 | സ്റ്റോക്ക് രജിസ്റ്റർ -കൃത്യമായി സൂക്ഷിക്കുന്നില്ല<br>Written By: Sunitha.R (Senior Grade Auditor, On 13-06-2022)<br>Last Updated By: Bita.T.S (Audit Officer (HG), On 20-06-2022) | 1-24 |
| 25 | റീകൺസീലിയേഷൻ പത്രിക തയ്യാറാക്കിയിട്ടില്ല.<br>Written By: Sunitha.R (Senior Grade Auditor, On 13-06-2022)<br>Last Updated By: Bita.T.S (Audit Officer (HG), On 20-06-2022) | 1-25 |
| 26 | Capital Work In Progress-വാർഷികകണക്കുമായി പൊരുത്തപ്പെടുന്നില്ല<br>Written By: Sunitha.R (Senior Grade Auditor, On 13-06-2022)<br>Last Updated By: Bita.T.S (Audit Officer (HG), On 20-06-2022) | 1-26 |
| 27 | വായ്പ രജിസ്റ്റർ-വ്യത്യാസം പരിഹരിക്കേണ്ടതാണ്.<br>Written By: Sunitha.R (Senior Grade Auditor, On 13-06-2022)<br>Last Updated By: Bita.T.S (Audit Officer (HG), On 20-06-2022) | 1-27 |
| 28 | ബാങ്ക് റീകൺസീലിയേഷൻ-പാസ്ബുക്ക് നീക്കിയിരിപ്പ് വ്യത്യാസപ്പെട്ടിരിക്കുന്നു.<br>Written By: Sunitha.R (Senior Grade Auditor, On 13-06-2022)<br>Last Updated By: Bita.T.S (Audit Officer (HG), On 20-06-2022) | 1-28 |
| 29 | ഇടപാടുകളില്ലാത്ത അക്കൗണ്ടുകൾ ക്ലോസ് ചെയ്യേണ്ടതാണ്.<br>Written By: Sunitha.R (Senior Grade Auditor, On 13-06-2022)<br>Last Updated By: Bita.T.S (Audit Officer (HG), On 17-06-2022) | 1-29 |
| 30 | രസീതി പരിശോധന- അപാകതകൾ<br>Written By: Dhanya Dhileep (Auditor, On 12-06-2022)<br>Last Updated By: Bita.T.S (Audit Officer (HG), On 20-06-2022) | 1-30 |
| 31 | വാടക ബൈലോ -നിബന്ധനകൾ പാലിക്കുന്നില്ല-RR നടപടികളിൽ കാലതാമസം<br>Written By: Niju.C.S (Auditor, On 12-06-2022)<br>Last Updated By: Bita.T.S (Audit Officer (HG), On 20-06-2022) | 1-31 |
| 32 | FACTEOS -ലൈസൻസ് ഇല്ലാതെ ഷോപ്പിങ്ങ് കോംപ്ലക്സിൽ വാടകയ്ക്ക് നൽകിയിരിക്കുന്ന കടമുറികൾ പ്രവർത്തിക്കുന്നു<br>Written By: Niju.C.S (Auditor, On 12-06-2022)<br>Last Updated By: Bita.T.S (Audit Officer (HG), On 21-06-2022) | 1-32 |

| | | |
|---|---|---|
| 33 | പാരമെഡിക്കൽ രജിസ്ട്രേഷൻ എടുക്കാതെ/പുതുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു<br>Written By: Niju.C.S (Auditor, On 12-06-2022)<br>Last Updated By: Bita.T.S (Audit Officer (HG), On 17-06-2022) | 1-33 |
| 34 | പ്രദർശനാനുമതി, സേവനം സംബന്ധിച്ച ഫയലുകൾ പരിശോധനക്ക് ലഭ്യമാക്കിയില്ല, വരവിന്റെ കൃത്യത ഉറപ്പ് വരുത്താനായില്ല<br>Written By: Niju.C.S (Auditor, On 12-06-2022)<br>Last Updated By: Bita.T.S (Audit Officer (HG), On 20-06-2022) | 1-34 |
| 35 | നഞ്ച ഭൂമിയിൽ ഉൾപ്പെട്ട നിർമ്മാണം-തുടർനടപടികൾ അറിയിക്കേണ്ടതാണ്.<br>Written By: Dhanya Dhileep (Auditor, On 12-06-2022)<br>Last Updated By: Bita.T.S (Audit Officer (HG), On 20-06-2022) | 1-35 |
| 36 | കൃഷി ഓഫീസർ നടപ്പിലാക്കിയ പദ്ധതി -അപാകതകൾ<br>Written By: Niju.C.S (Auditor, On 12-06-2022)<br>Last Updated By: Bita.T.S (Audit Officer (HG), On 20-06-2022) | 1-36 |
| 37 | ഗാർഹിക കക്കൂസുകളുടെ അറ്റകുറ്റപണി-വാല്യവേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല.221960/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.<br>Written By: P.A.Seenath (Audit Officer, On 12-06-2022)<br>Last Updated By: Bita.T.S (Audit Officer (HG), On 21-06-2022) | 1-37 |
| 38 | കോക്ലിയർ ഇംപ്ലാന്റേഷൻ മെയിന്റനൻസ്-ധനവിനിയോഗസാക്ഷ്യപത്രം ലഭ്യമായിട്ടില്ല.<br>Written By: P.A.Seenath (Audit Officer, On 12-06-2022)<br>Last Updated By: Bita.T.S (Audit Officer (HG), On 20-06-2022) | 1-38 |
| 39 | അംഗൻവാടി വർക്കർ ഹെൽപ്പർ അധിക ഓണറേറിയം-2018-19 ൽ പദ്ധതി തയ്യാറാക്കിയില്ല.2019-20ൽ അധിക ബാദ്ധ്യത<br>Written By: Sumitha T.S (Asst. Audit Officer, On 13-06-2022)<br>Last Updated By: Bita.T.S (Audit Officer (HG), On 20-06-2022) | 1-39 |
| 40 | പത്ര പരസ്യം - സർക്കാർ നിർദ്ദേശപ്രകാരമുള്ള ഡിസ്കൗണ്ട് ലഭ്യമായില്ല<br>Written By: Sunitha.R (Senior Grade Auditor, On 13-06-2022)<br>Last Updated By: Bita.T.S (Audit Officer (HG), On 21-06-2022) | 1-40 |
| 41 | പട്ടികജാതി വകുപ്പിൽ നിന്നുംസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.<br>Written By: Sunitha.R (Senior Grade Auditor, On 13-06-2022)<br>Last Updated By: Bita.T.S (Audit Officer (HG), On 20-06-2022) | 1-41 |
| 42 | എസ്.സി വദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് - അപാകതകൾ-ചെലവ് 1,13,515 രൂപ തടസ്സപ്പെടുത്തുന്നു<br>Written By: Sunitha.R (Senior Grade Auditor, On 13-06-2022)<br>Last Updated By: Bita.T.S (Audit Officer (HG), On 21-06-2022) | 1-42 |
| 43 | തുടർ സാക്ഷരതാ പ്രവർത്തനം - ചെലവ് രേഖകൾ ഹാജരാക്കേണ്ടതാണ്-23021 രൂപ തടസ്സപ്പെടുത്തുന്നു.<br>Written By: Sunitha.R (Senior Grade Auditor, On 13-06-2022)<br>Last Updated By: Bita.T.S (Audit Officer (HG), On 20-06-2022) | 1-43 |
| 44 | പ്രൊജക്റ്റ് ഫയലുകൾ അനുബന്ധ രേഖകൾ സഹിതം പൂർണ്ണമാക്കി ലഭ്യമാക്കുന്നതുവരെ ചെലവുതുക 228109 രൂപ തടസ്സപ്പെടുത്തുന്നു.<br>Written By: Bita.T.S (Audit Officer (HG), On 12-06-2022)<br>Last Updated By: Bita.T.S (Audit Officer (HG), On 28-06-2022) | 1-44 |
| 45 | ലാപ്പ്ടോപ്പ് വിതരണം-രേഖകൾ ഹാജരാക്കിയില്ല -384000രൂപ തടസ്സപ്പെടുത്തുന്നു<br>Written By: Sunitha.R (Senior Grade Auditor, On 13-06-2022)<br>Last Updated By: Bita.T.S (Audit Officer (HG), On 17-06-2022) | 1-45 |
| 46 | വിനിയോഗ സാക്ഷ്യപത്രം ഇല്ല; 600000 രൂപ ഓഡിറ്റിൽ | 1-46 |

| | | |
|---|---|---|
| | തടസ്സപ്പെടുത്തുന്നു.<br>Written By: Sumitha T.S (Asst. Audit Officer, On 13-06-2022)<br>Last Updated By: Bita.T.S (Audit Officer (HG), On 20-06-2022) | |
| 47 | വനിത ഫിറ്റ്നസ് സെന്റർ ട്രെയിനർക്ക് വേതനം - പദ്ധതി മാർഗ്ഗരേഖക്ക് വിരുദ്ധം;ചെലവ് തുക 35898 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.<br>Written By: Sumitha T.S (Asst. Audit Officer, On 13-06-2022)<br>Last Updated By: Bita.T.S (Audit Officer (HG), On 20-06-2022) | 1-47 |
| 48 | സ്ട്രീറ്റ് ടാപ്പ് ലൈൻ എക്സ്റ്റൻഷൻ-സെന്റേജ് ചാർജ്ജിനത്തിൽ അധിക തുക നൽകി;ചെലവ് തുക 600000 രൂപ തടസ്സപ്പെടുത്തുന്നു.<br>Written By: Sumitha T.S (Asst. Audit Officer, On 13-06-2022)<br>Last Updated By: Bita.T.S (Audit Officer (HG), On 20-06-2022) | 1-48 |
| 49 | പഞ്ചായത്ത് ഓഫീസിലേക്ക് ഫർണ്ണിച്ചർ-മാർഗ്ഗരേഖക്ക് വിരുദ്ധമായി വാങ്ങൽ നടത്തി;ചെലവ് 131112 രൂപ തടസ്സപ്പെടുത്തുന്നു<br>Written By: Sumitha T.S (Asst. Audit Officer, On 13-06-2022)<br>Last Updated By: Bita.T.S (Audit Officer (HG), On 18-06-2022) | 1-49 |
| 50 | ക്യാൻ തൃശ്ശൂർ വിഹിതം നൽകൽ- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതുവരെ ചെലവ് തുക 50000/- തടസ്സപ്പെടുത്തുന്നു.<br>Written By: Sumitha T.S (Asst. Audit Officer, On 13-06-2022)<br>Last Updated By: Bita.T.S (Audit Officer (HG), On 20-06-2022) | 1-50 |
| 51 | ലോഗ്ബുക്ക് പരിപാലനം അപാകതകൾ<br>Written By: Sunitha.R (Senior Grade Auditor, On 13-06-2022)<br>Last Updated By: Bita.T.S (Audit Officer (HG), On 20-06-2022) | 1-51` |
| 52 | ബോട്ടിൽ ബൂത്ത് സ്ഥാപിക്കൽ - പദ്ധതി ലക്ഷ്യം നേടിയില്ല.<br>Written By: Sumitha T.S (Asst. Audit Officer, On 14-06-2022)<br>Last Updated By: Bita.T.S (Audit Officer (HG), On 20-06-2022) | 1-52 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | സംയുക്ത പ്രോജക്കുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Bita.T.S (Audit Officer (HG), On 06-06-2022)<br>Last Updated By: Bita.T.S (Audit Officer (HG), On 20-06-2022) | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Bita.T.S (Audit Officer (HG), On 06-06-2022)<br>Last Updated By: Bita.T.S (Audit Officer (HG), On 20-06-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Bita.T.S (Audit Officer (HG), On 06-06-2022)<br>Last Updated By: Bita.T.S (Audit Officer (HG), On 20-06-2022) | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: Bita.T.S (Audit Officer (HG), On 06-06-2022)<br>Last Updated By: Bita.T.S (Audit Officer (HG), On 17-06-2022) | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: Bita.T.S (Audit Officer (HG), On 06-06-2022)<br>Last Updated By: Bita.T.S (Audit Officer (HG), On 16-06-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Bita.T.S (Audit Officer (HG), On 06-06-2022)<br>Last Updated By: Bita.T.S (Audit Officer (HG), On 16-06-2022) | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം<br>Written By: Bita.T.S (Audit Officer (HG), On 06-06-2022)<br>Last Updated By: Bita.T.S (Audit Officer (HG), On 20-06-2022) | 4-7 |

| | | |
|---|---|---|
| 8 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: Bita.T.S (Audit Officer (HG), On 06-06-2022)<br>Last Updated By: P.A.Sivan (Audit Officer, On 15-06-2022) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Bita.T.S (Audit Officer (HG), On 06-06-2022)<br>Last Updated By: Bita.T.S (Audit Officer (HG), On 20-06-2022) | 4-9 |
| 10 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം<br>Written By: Bita.T.S (Audit Officer (HG), On 06-06-2022)<br>Last Updated By: P.A.Sivan (Audit Officer, On 28-06-2022) | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

| | | |
|---|---|---|
| ബജറ്റ് പാസ്സാക്കിയ തീയതി, കമ്മിറ്റി തീരുമാനം | 01.03.2019, തീരുമാനം നം.1(1) | |
| പ്രതീക്ഷിത വരവ്, ചെലവ് എന്നിവ | വരവ് | ചെലവ് |
| | 237381240 | 235983040 |
| റിവൈസ്ഡ് ബജറ്റ് പാസ്സാക്കിയ തീയതി, കമ്മിറ്റി തീരുമാനം | 22.02.2020, ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ തീരുമാനം നം. 1 | |
| പ്രതീക്ഷിത വരവ്, ചെലവ് എന്നിവ | വരവ് | ചെലവ് |
| | 151407735 | 151377289 |

### 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31-07-2020 | 23.06.2020 |

### 1-3 സാമ്പത്തിക വിശകലനം

(സംക്ഷിപ്ത വിവരം)

| - | തുക (രൂപ) |
|---|---|
| മുന്നിരിപ്പ് | 12480466.00 |
| ഓഡിറ്റ് വർഷത്തെ വരവ് | 63688747.00 |
| ആകെ | 76169213.00 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 66059686.00 |
| നീക്കിയിരിപ്പ് | 10109527.00 |

### 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 1270967 | 12709671 | 9450651 | 3259020 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 3559000 | 3559000 | 3180584 | 378416 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 12354000 | 12354000 | 4310244 | 8043756 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 3251000 | 3251000 | 2462307 | 788693 |

| | | | | | |
|---|---|---|---|---|---|
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | 0 | 8380066 | 8380066 | 4310244 | 8043756 |

## 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചവ (എണ്ണം) | അടങ്കൽ (തുക) | നടപ്പിലാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പിലാക്കിയത് | നടപ്പിലാക്കാത്തത് | പൂർത്തീകരിച്ചതിന്റെ ശതമാനം |
|---|---|---|---|---|---|---|
| 193 | 97548985 | 128 | 42511456 | 58 | 7 | 43.57% |

## 1-6 ക്ഷേമപെൻഷനുകൾ

| പദ്ധതിയുടെ പേര് | ചെലവ് തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 24480 | 32 |
| കർഷക തൊഴിലാളി പെൻഷൻ | 1057800 | 173 |
| വിധവാ പെൻഷൻ | 7539600 | 1056 |
| വാർദ്ധക്യകാല പെൻഷൻ | 10645200 | 1799 |
| വികലാംഗ പെൻഷൻ | 1835600 | 307 |
| 50 വയസ്സിന് മേൽപ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 174600 | 67 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 30000 | 1 |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 2264 | 1151433 | 1153697 | 1153135 | 562 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 21063373 | 21063373 | 21063373 | 0 |

## 1-8 കാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 06.06.2022 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 6976/- രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

1. വാർഷിക കണക്കുകൾ സംബന്ധിച്ച അപാകതകൾ അടിയന്തിരമായി പരിഹരിക്കേണ്ടവയാണ്. സോഫ്റ്റ്‌വെയറിൽ നേരിടുന്ന പ്രശ്നങ്ങൾ മേലധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ്. നിലവിലുള്ള ചട്ടങ്ങൾക്കനുസൃതമായി വരവുചെലവുകൾ സാംഖ്യയിൽ രേഖപ്പെടുത്തുന്നതോടൊപ്പം തന്നെ ആധാരമായി വർത്തിക്കുന്ന അനുബന്ധ രജിസ്റ്ററുകൾ/പത്രികകൾ എന്നിവ കാലികമാക്കി കണക്കുകളോട് പൊരുത്തപ്പെടുത്തി സൂക്ഷിക്കേണ്ടതും തുല്യപ്രാധാന്യമർഹിക്കുന്നു. അവശ്യം എഴുതി സൂക്ഷിക്കേണ്ട രജിസ്റ്ററുകൾ അപാകതകൾ ഒഴിവാക്കി പരിപാലിക്കേണ്ടതാണ്.

2. പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ആസ്തികളെല്ലാം ഉൾപ്പെടുത്തി ആസ്തിരജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതും,

സാംഖ്യയുമായി ലിങ്ക് ചെയ്യേണ്ടതുമാണ്. ഗ്രാമപഞ്ചായത്തിൽ സൂക്ഷിച്ചിട്ടുള്ള ആസ്തി രജിസ്റ്ററിൽ അറ്റകുറ്റപ്പണികൾ നടത്തിയതിന്റേയോ, കൂട്ടിച്ചേർക്കലുകൾ നടത്തിയതിന്റെയോ, കുറവുള്ളവ വരുത്തിയതിന്റെയോ, തേയ്മാനം സംഭവിച്ചതിന്റെയോ വിവരങ്ങൾ ചേർത്ത് കാലികമാക്കിയിട്ടില്ല.

## 1-10 വാർഷികകണക്കുകൾ-അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011,ചട്ടം 62 (എഫ്)).

## 1-11 വസ്തു നികുതി -ഡിസിബി പത്രിക വാർഷികകണക്കുമായി പൊരുത്തപ്പെടുന്നില്ല

വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ "സാംഖ്യ"യിൽ ഡിമാന്റ് ആയി ചേർക്കുന്നത്. വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "സാംഖ്യ" സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "സാംഖ്യ" സോഫ്റ്റ്‌വെയർ-ൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

2.1 തൻവർഷം

2.1.1 റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 2305343 | 2152913 | 66933 | 89608 |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | 2305343 | 2190194 | 66933 | *89608 |
| | (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | ( 350410101-Advance Collection-PT On Res. Bldg-ന്റെ ലെഡ്ജർ) | *(94236 /105X100)= 89748 (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)ചെറിയ തുക വ്യത്യാസം, റൗണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു |

2.1.2 നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 2887008 | 2564754 | 84281 | 248657 |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | 2887008 | 2526985 | 84281 | *248657 |
| | (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | (350410104-Advance Collection-PT On NR Bldg-ന്റെ ലെഡ്ജർ) | *( 261124 /105X100)=248689 (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) ചെറിയ തുക വ്യത്യാസം, റൗണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു |

2.2 കുടിശ്ശിക

2.2.1 റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 1373 | 805 | 568 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | *1374 | 1495 | **568 |
| | *(2018-19 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (1443+0=1443/105*100) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | **(ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (597/105X100) |

2.2.2 നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 58719 | 0 | 58719 |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | 26506 | 0 | 58719 |
| | (2018-19 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) *(19957+7875=27832/105*100) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | **(61852/105X100=58906) ചെറിയ തുക വ്യത്യാസം, റൗണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു. (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

2-3) "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ

സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് – (കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ് ) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.

## 1-12 ലൈബ്രറി സെസ്സ് (തൻവർഷം +കുടിശ്ശിക)-വാർഷികകണക്കും ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല

I) ലൈബ്രറി സെസ്സ് (തൻവർഷം +കുടിശ്ശിക)

| | | ഡിമാന്റ് | | | കളക്ഷൻ | | | മുൻകൂർ ക്രമീകരിച്ചത് | ഡിമാന്റ് കുറവ് ചെയ്തത് | ബാക്കി | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | തൻ വർഷം | കുടിശ്ശിക | ആകെ | തൻ വർഷം | കുടിശ്ശിക | ആകെ | | | തൻ വർഷം | കുടിശ്ശിക | ആകെ |
| "സഞ്ചയ" സോഫ്റ്റ് വെയർ പ്രകാരം | റെസിഡൻഷ്യൽ | 117353 | 70 | 117423 | 109437 | 41 | 109478 | 3475 | - | 4628 | 29 | 4851 |
| | നോൺ-റെസിഡൻഷ്യൽ | 145229 | 3133 | 148362 | 128806 | 0 | 128806 | 4339 | - | 12467 | 3133 | 15643 |
| | ആകെ | | | 265785 | | | 238284 | | | | | 20494 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | | 505394 | | | 238412 | | | | 485137 | 20257 | | |
| | | 1470+503924 = (2018-19ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ, ബി-15, 431910101 -State Govt . Cess/levies...... ലെഡ്ജർ 2019-20) | | | (റസീറ്റ് & പേയ്മെന്റ് പത്രിക , ഷെഡ്യൂൾ ആർ.പി-36 (വരവ്)) | | | | (431910101 -State Govt . Cess/levies...... ലെഡ്ജർ 2019-20) | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) | | |

Ii) "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള ലൈബ്രറി സെസ്സ് ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് – (കളക്ഷൻ + ബുക്ക് അഡ്ജസ്റ്റ്മെന്റ് ) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.

Iii) തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ കളക്ഷൻ വാർഷിക കണക്ക് പ്രകാരം 238412 രൂപയും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം 238284 രൂപയുമാണ്. ലൈബ്രറി സെസ്സ് ഡിമാന്റ് തുക രേഖപ്പെടുത്തി വരുന്ന “431910101 State Govt Cesses/levies In Property Tax Control Account” എന്ന ലെഡ്ജറിൽ നിന്ന് ഇപ്രകാരം തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ (കുടിശ്ശിക ഉൾപ്പെടെ) കളക്ട് ചെയ്ത തുകയാണ് ഡിമാന്റിൽ നിന്ന് കുറവ് ചെയ്യേണ്ടത്. എന്നാൽ 485137 രൂപയാണ് കുറവ് ചെയ്തിരിക്കുന്നത്. വാർഷിക കണക്കും വസ്തുനികുതി ഡിമാന്റ് രജിസ്റ്ററും ലൈബ്രറി സെസ്സ് കളക്ഷന്റെ കാര്യത്തിൽ പൊരുത്തപ്പെടുന്നില്ല

Iv) ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -15 പ്രകാരം വസ്തുനികുതിയിനത്തിലെ ആകെ കിട്ടാനുള്ള തുക (5% ലൈബ്രറി സെസ്സ് ഉൾപ്പെടെ) 417809 രൂപയാണ്. ഇത് പ്രകാരം ഇതേ ഷെഡ്യൂളിൽ "431910101-State Govt Levies In Property Tax” എന്ന ശീർഷകത്തിൽ വരേണ്ട തുക 19895 (417809/105X5) ആണ്. എന്നാൽ ഈ ശീർഷകത്തിൽ 20257രൂപ ചേർത്തിട്ടുണ്ട്. വ്യത്യാസം പരിഹരിക്കേണ്ടതാണ്.

## 1-13 വസ്തു നികുതി -ഡിമാന്റ് എൻട്രി യഥാസമയം രേഖപ്പെടുത്തുന്നില്ല

1/4/2019 ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2019-20 ൽ അസസ്സ്ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള, അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ് മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ്

ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ,ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എന്ട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. 2019-20 വർഷത്തിൽ തളിക്കുളം ഗ്രാമപഞ്ചായത്തിൽ 243 പുതിയ കെട്ടിടങ്ങൾക്ക് നികുതി ചുമത്തിയിട്ടുണ്ട്. എന്നാൽ 2019-20ലെ "110100101-Property Tax On Residential Building"എന്ന ശീർഷകത്തിലേയും "110100103-Property Tax On Non Residential Building" എന്ന ശീർഷകത്തിലേയും ലെഡ്ജറുകൾ പരിശോധിച്ചതിൽ നിന്നും 2019-20 സാമ്പത്തിക വർഷത്തെ ഡിമാന്റ് ഒരു തവണ മാത്രം രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. ഈ ഡിമാന്റ് എൻട്രികൾക്കും സാധുത നല്കുന്ന വൗച്ചറുകളും ഇല്ല. "സഞ്ചയ" സോഫ്റ്റ് വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുകയിലേക്ക് വാർഷികകണക്കിലെ തുക ക്രമീകരിക്കുന്ന രീതിയിൽ രേഖപ്പെടുത്തലുകൾ നടത്തിവരുകയാണ് ചെയ്യുന്നത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്. ആയതിനാൽ നിയമപ്രകാരമുള്ള റമിഷൻ, എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു. ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികുതിഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും, ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-14 വസ്തു നികുതി മുൻകൂർ തുക- സാങ്കല്പികമായി വർദ്ധിപ്പിച്ചു

തൻവർഷത്തെ വസ്തു നികുതി അഡ്വാൻസ് ലെഡ്ജർ അക്കൗണ്ട് പരിശോധിച്ചു. അതിൽ 40493 രൂപ കാഷ് ആയോ ബാങ്ക് മുഖേനയുള്ള വരവായി ലഭിച്ചതല്ല എന്നും "Prior Period Items" എന്ന നോമിനൽ അക്കൗണ്ട് പ്രകാരം അഡ്വാൻസ് തുക സാങ്കല്പികമായി ജേണൽ വൗച്ചർ മുഖേന വർദ്ധിപ്പിച്ചതായും കാണുന്നു. ഇപ്രകാരം ജേണൽ വൗച്ചർ മുഖേന വർദ്ധനക്ക് കാരണം രേഖപ്പെടുത്തിയിട്ടുള്ളതും അംഗീകരിക്കാനാകുന്നതുമായ യാതൊരു സബ് വൗച്ചറുകളും, വർക് ഷീറ്റുകളും, നടപടിക്രമങ്ങളും സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ഇപ്രകാരം സാങ്കല്പിക വർദ്ധനവ് വരുത്തിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ഇപ്രകാരം വർദ്ധനവ് വരുത്തിയ വൗച്ചർ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. റെസിഡൻഷ്യൽ

| ക്ര.നം. | ജേണൽ വൗച്ചർ | തീയ്യതി | തുക |
|---|---|---|---|
| 1 | 41900458 | 31.3.20 | 7253 |

2. നോൺ-റെസിഡൻഷ്യൽ

| ക്ര.നം. | ജേണൽ വൗച്ചർ | തീയ്യതി | തുക |
|---|---|---|---|
| 1 | 41900459 | 31.3.20 | 33240 |

## 1-15 അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ-ജേണൽ എന്ട്രികൾ - വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കേണ്ടതാണ്.

2019-20-ൽ അസസ്സ് ചെയ്യപ്പെടുന്ന അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സ്മെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ് (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതിതള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എന്ട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക്ക്ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. എന്നാൽ മേൽ പ്രകാരം സെക്രട്ടറി രേഖാമൂലം പ്രതിമാസപത്രികയും അനുബന്ധകണക്കുകളും തയ്യാറാക്കാതെ ഒറ്റത്തവണയായി ഡിമാന്റ്/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എന്ട്രികൾ മുഖേന ചെയ്ത വരവിനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ര.നം. | വരവിനം | ഡിമാന്റ് ചേർക്കുന്ന ശീർഷകം | ഡിമാന്റ് | രേഖപ്പെടുത്തിയ തീയ്യതി | വൗച്ചർ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1. | കെട്ടിടങ്ങളിൽ നിന്നുള്ള വാടക 19 കെട്ടിടങ്ങൾ | 130100101-Rent From Building | 230310 | 31.3.20 | 41900454 |

ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ അക്രൂവൽ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും ഡിമാന്റ് എൻട്രികൾ/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതിതള്ളൽ/ഇളവ് അനുവദിക്കൽ സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-16 കൈയ്യെഴുത്തായി സൂക്ഷിക്കുന്ന വരവ് രജിസ്റ്ററുകൾ - കൃത്യമായി സൂക്ഷിക്കുന്നില്ല

ആഭ്യന്തരനിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി, വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി, സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011,ചട്ടം58(2)(ഇ),(ജി)). നിലവിൽ ഓഡിറ്റിന് ഹാജരാക്കിയ രജിസ്റ്ററുകൾ ഇപ്രകാരം കൃത്യമായി സൂക്ഷിക്കുന്നില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (ജീവനക്കാർ)

2. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (സ്ഥാപനങ്ങൾ)

3. ലൈസൻസ് ഡിമാന്റ് രജിസ്റ്റർ

4. വാടക ഡിമാന്റ് രജിസ്റ്റർ

5. ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ

## 1-17 മുൻകൂറായി ലഭിച്ച വരുമാനങ്ങൾ- രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 "Other Liabilities"എന്ന ശീർഷകം പ്രകാരം താഴെ ചേർത്തിരിക്കുന്ന വരുമാനങ്ങൾക്ക് മുൻകൂർ ആയി തുക ലഭിച്ചിട്ടുണ്ട്. എന്നാൽ അതാത് ഡിമാന്റ് രജിസ്റ്ററിലോ പ്രത്യേകം രജിസ്റ്ററിലോ മുൻകൂർ തുകയുടെ കണക്കുകൾ രേഖപ്പെടുത്തുകയോ, ബാലൻസ്ഷീറ്റുമായി പൊരുത്തപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല.

| ക്ര.നം. | വരുമാനം | മുൻകൂർ ശീർഷകം | 31/3/2020 ലെ മുൻകൂർ തുക |
|---|---|---|---|
| 1 | തൊഴിൽ നികുതി | 350410102-Advance Collection Of Revenues-Profession Tax /Inst/trad/prof | 174450 |
| 2 | ഡി &ഒ | 350410301-Advance Collection Of Revenues -Licence Fees For Dangerous And Offensive Trades | 99908 |

## 1-18 Prior Period Item-എൻട്രികളെ സാധൂകരിക്കുന്ന രേഖകൾ ഇല്ല

ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് (ഐ-18) പ്രകാരം "280000000-Prior Period Item" എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ I-18) | 31/3/2020 ലെ ലെഡ്ജർ ബാക്കി |
|---|---|

| | |
|---|---|
| 280100101-Prior Period Income -Property Tax On Residential Buildings | 7183 |
| 280100104-Prior Period Income-Property Tax On Non Residential Buildings | 1023 |
| 280200101-Prior Period Income-Rent From Building | (46476) |
| 280200401-Prior Period Income-Other Income | (270343) |
| 280800201-Prior Period-Administrative Expenses | (36138) |
| 280800301-Prior Period- Operations And Maintenance Expenses | 145603 |

## 1-19 ജേണൽ എൻട്രികൾക്കുള്ള വൗച്ചർ സൂക്ഷിക്കുന്നില്ല

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. (പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ2011. ചട്ടം 7) ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. പ്രധാനമായും വസ്തുനികുതി യിനത്തിലുള്ള പിരിവ്, ബാക്കി, മുൻകൂർ, കുടിശ്ശിക ഡിമാന്റ്, കുടിശ്ശിക പിരിവ്, കുടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനും, ക്രമീകരിക്കാനും സഞ്ചയ സോഫ്റ്റ്വെയർ പ്രകാരമുള്ള ഡി.സി.ബി രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനവലായി പൊരുത്തപ്പെടുത്താനും, മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൗച്ചറും സൂക്ഷിക്കുന്നില്ല. എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 1-20 ആസ്തി രജിസ്റ്റർ കാലികമാക്കേണ്ടതാണ്

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

## 1-21 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2019-20 കാലയളവിലെ "Net Increase In Cash And Cash Equivents"ആയി രേഖപ്പെടുത്തിയിരിക്കുന്നത് (2370939) രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2019-20 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity"ആയി രേഖപ്പെടുത്തിയിരിക്കുന്നത് 5799211 രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

## 1-22 ആസ്തികളുടെ മൂല്യത്തേക്കാൾ കൂടുതൽ തേയ്മാനം കണക്കാക്കി

31/3/2020 ലെ ബാലൻസ്ഷീറ്റ് പ്രകാരം Other Fixed Assets എന്ന ആസ്തിക്ക് 89700 രൂപ വിലകണക്കാക്കിയിട്ടുണ്ട്. എന്നാൽ ബാലൻസ്ഷീറ്റ് പ്രകാരം ഈ ആസ്തിയുടെ 31/3/2020 ലെ Accumulated Depreciation (715637.50) രൂപയാണ്. ആസ്തികളുടെ മൂല്യത്തേക്കാൾ കൂടുതൽ തേയ്മാനചെലവ് കണക്കാക്കാനാവില്ല എന്നതിനാൽ ഈ ആസ്തി ശീർഷകത്തിൽ ഉൾപ്പെടുന്ന എല്ലാ ആസ്തികളുടെയും വില 1 രൂപയെങ്കിലും ഉറപ്പാക്കുന്ന രീതിയിൽ ബാക്കി തുക തുടർവർഷത്തിൽ ക്രമീകരിക്കേണ്ടതാണ്.

## 1-23 തൊഴിലുറപ്പ്പദ്ധതി- വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല

തൊഴിലുറപ്പ് പദ്ധതിയുടെ രേഖകൾ പ്രകാരമുള്ള വരവ് 21061670.6 രൂപയും വാർഷിക കണക്കിലെ I-6 പ്രകാരം 21063373 രൂപയുമാണ്. വ്യത്യാസം വിശദീകരിക്കേണ്ടതാണ്.

## 1-24 സ്റ്റോക്ക് രജിസ്റ്റർ -കൃത്യമായി സൂക്ഷിക്കുന്നില്ല

I) ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-14 പ്രകാരം ആയി 221395 രൂപയുടെ ക്ലോസിങ് സ്റ്റോക്ക് ഉണ്ട്. സ്റ്റോക്ക് രജിസ്റ്ററിൽ സ്റ്റോക്കിന്റെ വർഷാന്ത്യമൂല്യം കണക്കാക്കി എഴുതുന്നുണ്ട്. എന്നാൽ സാധനങ്ങൾ സ്റ്റോക്കിലെടുക്കുമ്പോൾ ആയതിന്റെ എണ്ണം മാത്രമേ രേഖപ്പെടുത്തുന്നുള്ളൂ. വില രേഖപ്പെടുത്തുന്നില്ല. ആയതിനാൽ വർഷാന്ത്യമൂല്യം കണക്കാക്കിയതിന്റെ കൃത്യത പരിശോധിക്കാൻ കഴിയുന്നില്ല.

Ii) സ്റ്റോക്കിന്റെ ഭൗതിക പരിശോധന നടത്തി സാക്ഷ്യപത്രം രേഖപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ,ചട്ടം 58,4(എ))

## 1-25 റീകൺസീലിയേഷൻ പത്രിക തയ്യാറാക്കിയിട്ടില്ല.

താഴെ ചേർത്തിരിക്കുന്ന ബാങ്ക് അക്കൗണ്ടിന്റെ പ്രതിമാസ ബാങ്ക് റീകൺസീലിയേഷൻ പത്രിക തയ്യാറാക്കിയിട്ടില്ല. (കേരള പഞ്ചായത്ത് അക്കൗണ്ട് ചട്ടങ്ങൾ 2011(ചട്ടം 57)). കൂടാതെ ബാങ്ക് ബുക്ക്, ബാങ്ക് പാസ്സ് ബുക്ക് എന്നിവയും പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

| ശീർഷകം | ഫണ്ടിനം |
|---|---|
| 450410103 | SBI(N.M.B.S) |

## 1-26 Capital Work In Progress-വാർഷികകണക്കുമായി പൊരുത്തപ്പെടുന്നില്ല

അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ പ്രോജക്ടുകളിൽ 31/3/20 വരെ പാർട്ട് ബിൽ നല്കിയതും എന്നാൽ 31/3/2020ൽ പണിപൂർത്തീകരിക്കാത്തതുമായ പ്രവൃത്തികളുടെ തുക 93665 രൂപയാണ് (അസിസ്റ്റന്റ് എഞ്ചിനീയർ ഹാജരാക്കിയ സാക്ഷ്യപ്പെടുത്തിയ രേഖകൾ പ്രകാരം). എന്നാൽ 31/3/2020 ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ പ്രകാരം Capital Work In Progress എന്ന ശീർഷകത്തിൽ ചേർത്തിരിക്കുന്ന തുക 169986 രൂപയാണ്.

## 1-27 വായ്പ രജിസ്റ്റർ-വ്യത്യാസം പരിഹരിക്കേണ്ടതാണ്.

വായ്പ രജിസ്റ്റർ പ്രകാരം 2018-19 വർഷം 1,14,33,980/- രൂപ HUDCO യിൽ നിന്നും വരവ് 31/03/2019-ൽ തിരിച്ചടക്കാൻ ബാക്കിയുണ്ട്. എന്നാൽ 2018-19-ലെ വാർഷിക കണക്ക് പ്രകാരം വായ്പ തുക 1,15,93,980/- രൂപയാണ് കാണിച്ചിരിക്കുന്നതെന്നും വ്യത്യാസം ക്രമീകരിക്കേണ്ടതാണെന്നും 2018-19 ലെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക നം-1-12 ൽ പരാമർശിച്ചിട്ടുണ്ട്. ആയത് പരിഹരിക്കാതെയാണ് 2019-20-ലെ വാർഷിക കണക്ക് തയ്യാറാക്കിയിട്ടുള്ളത്.

## 1-28 ബാങ്ക് റീകൺസീലിയേഷൻ-പാസ്ബുക്ക് നീക്കിയിരിപ്പ് വ്യത്യാസപ്പെട്ടിരിക്കുന്നു.

താഴെ ചേർത്തിരിക്കുന്ന ബാങ്ക് അക്കൗണ്ടുകളുടെ പ്രതിമാസ ബാങ്ക് റീകൺസീലിയേഷൻ പത്രിക തയ്യാറാക്കിയതിൽ പാസ്ബുക്ക് നീക്കിയിരിപ്പ് വ്യത്യാസപ്പെട്ടിരിക്കുന്നു.

| ബാങ്ക് | അക്കൗണ്ട് നമ്പർ | റീകൺസീലിയേഷൻ പത്രിക പ്രകാരം പാസ്ബുക്ക് നീക്കിയിരിപ്പ് | പാസ്ബുക്ക് പ്രകാരം നീക്കിയിരിപ്പ് |
|---|---|---|---|
| Union Bank Of India (Nirmal Puraskar) | 55070201000899 | 18914 | 19069 |

## 1-29 ഇടപാടുകളില്ലാത്ത അക്കൗണ്ടുകൾ ക്ലോസ് ചെയ്യേണ്ടതാണ്.

ഇടപാടുകളില്ലാത്ത Union Bank Of India (Nirmal Puraskar), State Bank Of India (NMBS) എന്നീ അക്കൗണ്ടുകൾ ക്ലോസ് ചെയ്യേണ്ടതാണ്.

## 1-30 രസീതി പരിശോധന- അപാകതകൾ

വെറ്ററിനറി സർജൻ ഗുണഭോക്തൃവിഹിതം കളക്ട് ചെയ്യുന്നതിനായി ഉപയോഗിച്ച രസീതി ബുക്ക് നമ്പറുകൾ 6330, 6335, 6337, 6338, 6340, 6344 എന്നിവയിൽ ഗുണഭോക്തൃവിഹിതം കളക്ട് ചെയ്ത തീയതി കാർബൺ ഉപയോഗിക്കാതെയാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഇക്കാര്യത്തിൽ വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമായില്ല. (ഓഡിറ്റ് അന്വേഷണം നമ്പർ : 4/9.6.2022). കെ.ടി.സി. വോള്യം-1 ആർട്ടിക്കിൾ 90(എ) പ്രകാരം ടി.ആർ-5 രസീതികളിൽ ഡബിൾഫേസ്ഡ് കാർബൺ ഉപയോഗിച്ച് രേഖപ്പെടുത്തലുകൾ വരുത്തേണ്ടതാണ്.

## 1-31 വാടക ബൈലോ -നിബന്ധനകൾ പാലിക്കുന്നില്ല-RR നടപടികളിൽ കാലതാമസം

കെട്ടിട നികുതി-ഉപനികുതി ഒഴിവാക്കിയതിന്റെ സഞ്ചയ ലിസ്റ്റ് പ്രകാരം കെട്ടിട നം. VI/524 മുതൽ VI/553 വരെയുള്ള 30 കെട്ടിടങ്ങൾ പഞ്ചായത്ത് വക ഷോപ്പിംഗ് കോംപ്ലക്സ് കെട്ടിടമുറികളിൽ പെടുന്നവയാണ്. ഇതിൽ തൻവർഷം 19 മുറികളിൽ നിന്നാണ് തൻവർഷം വാടക ഈടാക്കിയിട്ടുള്ളത്. കൂടാതെ വാടക കുടിശ്ശികക്കായി റവന്യൂ റിക്കവറി [RR] നടപടി സ്വീകരിച്ചതായി വാടക രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്നു. 15876 രൂപയാണ് അരിയർ ആയികാണിച്ചിട്ടുള്ളത്. എന്നാൽ നാളിതു വരെ RR നടത്തിയിട്ടില്ല.

ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട മറ്റു അപാകതകൾ ചുവടെ ചേർക്കുന്നു.

1) NH ന സമീപമുള്ള 30 കെട്ടിടമുറികളിൽ 19 മുറി ഒഴികെ 11 മുറികളിൽ NH വികസനവുമായി ബന്ധപ്പെട്ട് പൊളിച്ചുമാറ്റുന്നതൊഴിച്ച് ബാക്കി കെട്ടിടമുറികൾ വാടകക്ക് നൽകേണ്ടതാണ്.

2) വാടക ഈടാക്കുന്നത് 30.9.92 ൽ പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ച ഒരു ബൈലോയുടെ അടിസ്ഥാനത്തിലാണ്. ബൈലോ പ്രകാരം പരമാവധി 3 വർഷം വരേയേ ഒരാൾക്ക് തന്നെ തുടർച്ചയായി ലേലം കൂടാതെ മുറികൾ അനുവദിക്കാവൂ, എന്നാൽ ഒരേ വാടകക്കാർ തന്നെ തുടർച്ചയായി വാടകമുറികൾ ഉപയോഗിച്ച് കാണുന്നുണ്ട്. വാടക കരാർ പുതുക്കാതെയാണ് പല സ്ഥാപനങ്ങളും പ്രവർത്തിക്കുന്നത്. ഇങ്ങനെ തുടരുന്ന മുറികൾക്ക് തുടർന്ന് നാളിതുവരെ ലേലം നടന്നതായും കാണുന്നില്ല. കമ്മിറ്റി അംഗീകരിച്ച ബൈലോയ്ക്ക് പഞ്ചായത്ത് ഡയറക്ടറിൽ നിന്നും അംഗീകാരം വാങ്ങിയിട്ടുണ്ടെങ്കിൽ ആയത് ലഭ്യമാക്കേണ്ടതാണ്. അംഗീകാരം ഇതുവരെ ലഭ്യമാക്കിയിട്ടില്ലെങ്കിൽ ഇതുവരെ അതിനായി സ്വീകരിച്ച നടപടി വിവരങ്ങൾ ഫയൽ സഹിതം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്

## 1-32 FACTEOS -ലൈസൻസ് ഇല്ലാതെ ഷോപ്പിങ്ങ് കോംപ്ലക്സിൽ വാടകയ്ക്ക് നൽകിയിരിക്കുന്ന കടമുറികൾ പ്രവർത്തിക്കുന്നു

ഗ്രാമപഞ്ചായത്തിന്റെ ഷോപ്പിങ്ങ് കോംപ്ലക്സിൽ വാടകയ്ക്ക് നൽകിയിരിക്കുന്ന 19 കടമുറികളിൽ 5 കടമുറികൾക്കാണ് FACTEOS ലൈസൻസ് എടുത്തിട്ടുള്ളത്. 2019-20, 2020-21ൽ വാടക അടവാക്കിയ, എന്നാൽ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന കെട്ടിടങ്ങളുടെ വിവരം താഴെ ചേർക്കുന്നു

| ക്രമ നമ്പർ | കെട്ടിട നമ്പർ | വാടക രജിസ്റ്റർ പ്രകാരം വാടകക്കാരന്റെ പേര് |
|---|---|---|
| 1 | 6/527 | നാരായണൻ ചെമ്പോലത്ത് |
| 2 | 6/528 | മുഹമ്മദാലി വലിയവീട്ടിൽ |
| 3 | 6/529 | കബീർ അരവശ്ശേരി |
| 4 | 6/530 | ധർമ്മരാജ് |
| 5 | 6/531 | സെൻ S/o. ഗംഗാധരൻ |
| 6 | 6/532 | സെൻ S/o. ഗംഗാധരൻ |
| 7 | 6/533 | ഗോപി ആലത്തി |
| 8 | 6/534 | ഹിരൺദത്ത് |
| 9 | 6/535 | ഹിരൺദത്ത് |
| 10 | 6/536 | വിമല തൃപ്രയാട്ട് |
| 11 | 6/537 | സുരേഷ് മോഹൻ അണ്ടേഴത്ത് |
| 12 | 6/545 | അനിത വല്ലത്ത് |
| 13 | 6/548 | ജയശ്രീ, ചെമ്മാപ്പള്ളി |
| 14 | 6/549 | ദിനേശൻ പുളിപ്പറമ്പിൽ |

കെട്ടിട നമ്പർ 6/526, 6/539, 6/540, 6/546, 6/550 എന്നിവയിലെ സ്ഥാപനങ്ങൾക്ക് ആണ് ലൈസൻസ് എടുത്തിട്ടുള്ളത്.

FACTEOS ലൈസൻസ് അടവാക്കിയവിവരം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നമ്പർ 32 /13.06.2022) മറുപടി ലഭ്യമായില്ല.

ഗ്രാമപഞ്ചായത്ത് ഷോപ്പിങ്ങ് കോംപ്ലക്സിലെ സ്ഥാപനങ്ങളുടെ പ്രവർത്തന ലൈസൻസ് വാടകക്കരാർ പുതുക്കുന്ന നേരത്ത്/വാടക ഡിമാന്റ് ചെയ്യുന്ന നേരത്തു തന്നെ ഉറപ്പാക്കിയില്ല എന്നത് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ അലംഭാവമായി വീക്ഷിക്കുന്നതാണ്.

## 1-33 പാരമെഡിക്കൽ രജിസ്ട്രേഷൻ എടുക്കാതെ/പുതുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

ട്യൂട്ടോറിയൽ/പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ/പുതുക്കൽ സംബന്ധിച്ച രജിസ്റ്റർ പരിശോധിച്ചതിൽ 2019-20 സാമ്പത്തിക വർഷത്തിലേക്ക് ROSLYN Dental Care Clinic എന്ന സ്ഥാപനം രജിസ്ട്രേഷൻ പുതുക്കിയിട്ടില്ല. VI/571,574 എന്നീ കെട്ടിടമുറികളിലെ സ്ഥാപനത്തിന് 32/2020 നമ്പർ പ്രകാരം FACTEOS ലൈസൻസ് ഉം 2020-21 ലേക്ക് രജിസ്ട്രേഷനും (സാംഖ്യ രസീത് നം119220106308/17.2.20) പുതുക്കി നൽകിയിട്ടുണ്ട്.

FACTEOS ലൈസൻസ് രജിസ്റ്ററിൽ XII/167 കെട്ടിടനമ്പറിൽ Hytech Lab പ്രവർത്തിക്കുന്നതിനു ഷാനവാസ്.പി.എസ് എന്ന വ്യക്തിക്കു ലൈസൻസ് ഡിമാന്റ് ചെയ്തിട്ടുണ്ടെങ്കിലും ടിയാന്റെ സ്ഥാപനം പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടില്ല. മേൽ അപാകതകൾ സംബന്ധിച്ച് ഓഡിറ്റ് അന്വേഷണം 31/10.6.2022 നൽകിയതിനു മറുപടി ലഭ്യമാക്കിയില്ല. പഞ്ചായത്ത് പരിധിയിൽ വരുന്ന സ്ഥാപനങ്ങൾ 1997ലെ കേരളാപഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികൾ/പാരാമെഡിക്കൽ സ്ഥാപനങ്ങളുടേയും രജിസ്ട്രേഷൻ) ചട്ടങ്ങൾ ചട്ടം 3 പ്രകാരമുള്ള രജിസ്ട്രേഷൻ എടുക്കേണ്ടതാണ്. മാത്രമല്ല 1994 ലെ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 236(13) പ്രകാരം നികുതിയോ ഫീയോ കുടിശ്ശികയുണ്ടെങ്കിൽ അപ്രകാരമുള്ള ഏതൊരാൾക്കും ഏതൊരു ലൈസൻസോ അനുവാദമോ നൽകാൻ പാടുള്ളതല്ല.

## 1-34 പ്രദർശനാനുമതി, സേവനം സംബന്ധിച്ച ഫയലുകൾ പരിശോധനക്ക് ലഭ്യമാക്കിയില്ല, വരവിന്റെ കൃത്യത ഉറപ്പു വരുത്താനായില്ല

1) സാംഖ്യ രസീത് 119220102334/17.9.2019 പ്രകാരം License Fee Under Places Of Public Resort Act ഇനത്തിൽ (140110103 ഹെഡ്ഡിൽ) 2019-20 ൽ 7520 രൂപ വരവ് ലഭിച്ചിട്ടുണ്ട്. ഏതു പ്രദർശനത്തിനാണ് അനുമതി നൽകിയതെന്ന് വ്യക്തമല്ല. ആയതു സംബന്ധിച്ച ഫയൽ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. കേരള PPR Act 1963, Rules 1965 Rule 28 പ്രകാരം ആണോ നിരക്ക് ഈടാക്കിയിരിക്കുന്നതെന്നു പരിശോധിക്കാൻ സാധിച്ചില്ല.

2) സാംഖ്യ രസീത് 119220500034/8.5.2019 പ്രകാരം ചിയാക് കോംപ്രിഹെൻസിവ് ഹെൽത്ത് ഇൻഷുറൻസ് വഴുതക്കാട് എന്നസ്ഥാപനത്തിൽ നിന്ന് 5478 രൂപ (ചെക്ക് നം 9788/21.3.19 HDFC TVM) 2019-20 ൽ വരവ് ലഭിച്ചിട്ടുണ്ട്. ടി വരവ് തനതുഫണ്ടിൽ ചേർത്തിട്ടുണ്ട്. ഏതിനം വരവ് ആണെന്ന് വ്യക്തമാക്കിയിട്ടില്ല.
ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം 27/10.6.2022 നു മറുപടി ലഭ്യമാക്കിയിട്ടില്ല

## 1-35 നഞ്ച ഭൂമിയിൽ ഉൾപ്പെട്ട നിർമ്മാണം-തുടർനടപടികൾ അറിയിക്കേണ്ടതാണ്.

ഐഷാബി യൂസഫ്, പണിക്കവീട്ടിൽ ഹൗസ്, തളിക്കുളം എന്നവർ നമ്പറിങ്ങിനായി സമർപ്പിച്ച ഫയൽ നമ്പർ A2-2580/19 പരിശോധനയിൽ Completed Construction Of Extension Work For Existing Residence എന്ന് പ്ലാനിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും Existing Building Area പ്ലാനിൽ കാണിച്ചിട്ടില്ല. സർവെ നം.158/9-6, പ്ലോട്ട് ഏരിയ : 299 $M^2$, Built Up Area : 153.63 $M^2$, FAR : .51, Coverage : 33.10 എന്നിങ്ങനെയാണ് പ്ലാനിൽ സൂചിപ്പിട്ടിച്ചുള്ളത്. കരം ഒടുക്കിയ രസീതി, പൊസഷൻ സർട്ടിഫിക്കറ്റ് എന്നിവ പ്രകാരം സർവെ നം. 158/9-6-ൽ ഉള്ള ഭൂമിയുടെ തരം നഞ്ച എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. നിർമ്മാണം പൂർത്തികരിച്ചിട്ടില്ല എന്ന അസിസ്റ്റന്റ് എഞ്ചിനീയറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അപേക്ഷ പുനസമർപ്പിക്കാൻ ആവശ്യപ്പെട്ടുകൊണ്ട് കത്തയച്ചിട്ടുണ്ടെങ്കിലും മേൽ അപാകത കത്തിൽ സൂചിപ്പിട്ടിച്ചില്ല (ലെറ്റർ നമ്പർ.A2-2580/19 തീയതി.17/5/19). കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം 2008 വകുപ്പ് 27(6) അനുസരിച്ച് പരമാവധി 4.04 ആർ വിസ്തൃതിയുള്ള ഭൂമിയിൽ 120$M^2$ വിസ്തീർണ്ണമുള്ള വീട് നിർമ്മിക്കുന്നതിന് തദ്ദേശസ്ഥാപനത്തിന് അനുമതി നല്കാവുന്നതും വിസ്തീർണ്ണം വർദ്ധിച്ചാൽ നിശ്ചിത ഫീസ് ഒടുക്കേണ്ടതുമാണ്. ഡാറ്റാ ബാങ്കിൽ ഉൾപ്പെടാതിരിക്കുകയും ഭൂമിയുടെ തരം നഞ്ച എന്ന റവന്യൂ രേഖകളിൽ രേഖപ്പെടുത്തുകയും ചെയ്താൽ ആർ.ഡി.ഒയിൽ നിന്നും ഭൂമി തരം മാറ്റുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കേണ്ടതുമാണ്. ഇതുസംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് നിർമ്മാണം ക്രമവൽക്കരിക്കുകയോ കെട്ടിടനമ്പർ അനുവദിക്കുകയോ ചെയ്തിട്ടില്ലാത്തതാണെന്നും അപേക്ഷ നിരസിച്ച് തീർപ്പാക്കുന്നതാണെന്നും മറുപടി ലഭിച്ചിട്ടുണ്ട്

(ഓഡിറ്റ് അന്വേഷണം നമ്പർ : 5/9.6.2022). തുടർനടപടികൾ ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-36 കൃഷി ഓഫീസർ നടപ്പിലാക്കിയ പദ്ധതി -അപാകതകൾ

പദ്ധതി നം. 119/2020 (New) – രോഗബാധിത തെങ്ങ് വെട്ടി മാറ്റി പുതിയവ നടൽ

വികസന ഫണ്ട്

അടങ്കൽ : ₹44419/-

ചെലവ് :₹44419 വൗച്ചർ നം – 21901360/11.3.2020 തുക - ₹44000/-

21901376/23.3.2020-₹419/-

തനതു ഫണ്ട്

അടങ്കൽ : ₹110231/-

ചെലവ് : ₹110231/- വൗച്ചർ നം – 21901302/16.3.2020 തുക - ₹56000/-

21901343/273.3.2020 - ₹34431/-

21901343/273.3.2020 – ₹19800/-

ഗുണഭോക്താക്കളുടെ വിഹിതം

അടങ്കൽ:₹4500/- ചെലവ് : ₹4500/ (രസീത് ബുക്ക് നം.6348-ലെ 1 മുതൽ38 വരെയുള്ള രസീതുകൾ പ്രകാരം കളക്ഷന് ഉപയോഗിക്കാത്ത ബാലൻസ് രസീതുകൾ ക്യാൻസൽ ചെയ്തിട്ടില്ല)

I) പദ്ധതി രൂപീകരണത്തിലെ അപാകതകൾ

വെട്ടിമാറ്റിയ തെങ്ങിനു ആനുപാതികമായ തെങ്ങിൻ തൈ വാങ്ങുന്നതിനു തുക വകയിരുത്തിയില്ല

പരമാവധി 144 കേടുവന്ന തെങ്ങുകൾ വെട്ടിമാറ്റി പകരം പുതിയ തെങ്ങിൻ തൈകൾ നടുക എന്ന ലക്ഷ്യത്തോടെ രൂപീകരിച്ച പദ്ധതിയിൽ വെട്ടി മാറ്റിയ തെങ്ങുകൾക്ക് ആനുപാതികമായി തെങ്ങിൻ തൈ വാങ്ങുന്നതിനു തുക വകയിരുത്തിയില്ല. തെങ്ങ് വെട്ടി മാറ്റുന്നതിനു ഗുണഭോക്താവിനു നൽകുന്ന സബ്സിഡി 1000 രൂപയാണ്. പകരം തെങ്ങിൻ തൈ വാങ്ങുന്നതിനു പദ്ധതിയിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന സബ്സിഡി രൂപീകരണ ഫോറത്തിൽ രേഖപ്പെടുത്തിയ പ്രകാരം 110 രൂപയും നടപ്പിലാക്കിയതു പ്രകാരം DXT തെങ്ങിൻ തൈ വില 200 രൂപയുടെ 75% 150 രൂപയും ആണ്. 200 രൂപയുടെ തെങ്ങിൻ തൈക്ക് 50 രൂപയാണ് ഗുണഭോക്തൃവിഹിതമായി വരുന്നത്.

പരമാവധി 144 തെങ്ങിൻ തൈക്ക് പദ്ധതി പ്രകാരം നൽകേണ്ട സബ്സിഡി 144*150=21600 രൂപയും ഈടാക്കി അടവാക്കേണ്ട ഗുണഭോക്തൃ വിഹിതം 144*50=7200രൂപയുമാണ്. എന്നാൽ 90 തെങ്ങിൻ തൈകളുടെ ഗുണഭോക്തൃ വിഹിതം 90*50=4500 രൂപയാണ് ഗുണഭോക്തൃ വിഹിതമായി പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

വികസന ഫണ്ട്, തനതു ഫണ്ട് എന്നിവ മുഖേന നൽകുന്ന സബ്സിഡി തുകയിൽ 144 തെങ്ങ് വെട്ടിമാറ്റുന്നതിനുള്ള പരമാവധി സബ്സിഡി 144*1000=144000 രൂപയും 144 തെങ്ങിൻ തൈക്ക് പദ്ധതി പ്രകാരം നൽകേണ്ട സബ്സിഡി 144*150=21600 രൂപയും കൂട്ടി 165600 രൂപ വകയിരുത്തേണ്ടതായിരുന്നു. എന്നാൽ 154650 രൂപയാണ് വകയിരുത്തിയിട്ടുള്ളത്. തെങ്ങിൻ തൈയുടെ വിലക്ക് ആനുപാതികമായി പദ്ധതി റിവൈസ്ചെയ്യുകയുണ്ടായില്ല. ദീർഘവീക്ഷണത്തോടെ പദ്ധതി നടപ്പിലാക്കുകയുണ്ടായില്ല

II) പദ്ധതി നടത്തിപ്പിലെ അപാകതകൾ

1) പദ്ധതിയിലുൾപ്പെടുത്താത്ത ബാക്കി ഗുണഭോക്തൃ വിഹിതം കാഷ് ബുക്കിൽ രസീത്/പേമെന്റ് രേഖപ്പെടുത്താതെ കൃഷി ബിസിനസ്സ് കേന്ദ്രയിലേക്ക് കൈമാറി

പദ്ധതിയിൽ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിലുൾപ്പെട്ട 55 ഗുണഭോക്താക്കളുടെ അപേക്ഷകളിൻ മേൽ വെട്ടിമാറ്റിയ തെങ്ങുകളുടെ എണ്ണം -135.

വാങ്ങിയ തെങ്ങിൻ തൈകളുടെ എണ്ണം 132.

പിരിച്ചെടുത്ത ഗുണഭോക്തൃ വിഹിതം 90 തൈകൾക്ക് 90*50=4500/-

പദ്ധതിയിലുൾപ്പെടുത്താത്ത ബാക്കി ഗുണഗുണഭോക്തൃ വിഹിതം 132-90=42 തൈകളുടെ ഗുണഭോക്തൃ വിഹിതം തൻവർഷം രസീതുബുക്ക് പ്രകാരം പിരിച്ചെടുത്തിട്ടില്ല. എന്നാൽ 2019-20വിതരണ രജിസ്റ്ററിൽ 55 ഗുണഭോക്താക്കൾക്കും കൂടി 132 തെങ്ങിൻ തൈ വിതരണം ചെയ്തതായി കാണിച്ച് ഗുണഭോക്താക്കളുടെ കൈയൊപ്പ് ചേർത്ത് നിർവ്വഹണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

പിരിച്ചെടുക്കേണ്ടിയിരുന്ന ഗുണഭോക്തൃ വിഹിതം 42*50=2100 രൂപ പിരിച്ചെടുത്തതിന്റെ രസിത് വിവരം

ലഭ്യമാക്കിയിട്ടില്ല. മേൽപ്പറഞ്ഞ തുക ഭരണസമിതി അംഗീകാരത്തോടെ പദ്ധതി അടങ്കലിൽ റിവൈസ് ചെയ്ത ചേർത്ത് Spill Over ആക്കി മാറ്റുന്നതിനു പകരം 2020 -21 സാമ്പത്തിക വർഷത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥൻ TR 7A കാഷ് ബുക്കിൽ രസീത്/പേമെന്റ് രേഖപ്പെടുത്താതെ 15.7.2020 ലെ പഞ്ചാബ് നാഷണൽ ബാങ്ക് തളിക്കുളം DD No. 556614 പ്രകാരം VFPCK കൃഷി ബിസിനസ്സ് കേന്ദ്രയിലേക്ക് 16.8.2020ലെ കൃഷി ഓഫീസറുടെ TKB/10/2021നം കത്തുമുഖേന കൈമാറുകയുണ്ടായി.

2) പദ്ധതി മാർഗ്ഗരേഖ (GO (Ms)No. 22/2018 LSGD Dt 14.2.2018) സബ്സിഡി മാർഗ്ഗ രേഖ ഖണ്ഡിക 6.1നു വിരുദ്ധമായി സബ്സിഡി മാത്രമായി നൽകി

പദ്ധതി നടപ്പിലാക്കിയപ്പോൾ 132 തെങ്ങിൻ തൈകൾക്ക് പകരം 135 തെങ്ങുകൾ വെട്ടിമാറ്റിയതിനു സബസിഡി നൽകുകയുണ്ടായി. താഴെ പറയുന്ന ഗുണഭോക്താക്കൾ ആണ് പകരം തൈ ലഭിക്കാതെ വെട്ടിമാറ്റിയതിനുള്ള അധിക സബ്സിഡി കൈപ്പറ്റിയത്.

1. ശ്രീജിത്ത്.കെ.എസ് –1000/-

2. ഗംഗാധരൻ.ടി.എ –850/

3. പുഷ്പമണി –1000/-

ആകെ – 2850/-

മേൽപ്പറഞ്ഞ അപാകതകൾക്ക് നൽകിയ ഓഡിറ്റ് അന്വേഷണത്തിനു (അന്വേഷണം നം 10/10.6.2022) നിർവ്വഹണ ഉദ്യോഗസ്ഥ 13.6.2022 ന് മറുപടി ലഭ്യമാക്കി. പദ്ധതി രൂപീകരണം മാർഗ്ഗരേഖ പ്രകാരം നടത്താൻ ശ്രദ്ധിക്കുമെന്ന് ടിയാരി അറിയിച്ചിട്ടുണ്ട്. നടപ്പിലാക്കിയ മറ്റു പദ്ധതികളിൽ അപാകതയില്ല. എന്നാൽ ഇത്തരം അപാകതകൾ ഭാവിയിൽ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-37 ഗാർഹിക കക്കൂസുകളുടെ അറ്റകുറ്റപണി-വാല്യവേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല.221960/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

നിർവ്വഹണോദ്യോഗസ്ഥൻ –വി.ഇ.ഒ., സർക്കിൾ-2

പ്രോജക്ട് നം. –163/20

ഗുണഭോക്താക്കൾക്ക് ഗാർഹിക കക്കൂസുകളുടെ അറ്റകുറ്റപണിക്ക് വേണ്ടി 18-19 വർഷം 4240/- രൂപ വീതം അഡ്വാൻസ് നൽകുകയും തൻവർഷം താഴെ പറയും പ്രകാരം രണ്ടാം ഗഡുവായി 5000/- രൂപ വീതം നൽകുകയും ചെയ്തിട്ടുണ്ട്. തുക ചെലവഴിച്ചതിന്റെ വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | ബിൽ നം./ചെക്ക് നം. | തുക |
|---|---|---|
| 1 | 0397372/18.07.19 | 70000/- |
| 2 | 0397378/16.08.19 | 65000/- |
| 3 | 2708846/17.09.19 | 10000/- |
| 4 | 2708847/27.09.19 | 10000/- |
| 5 | 2708852/28.10.19 | 5000/- |
| 6 | 2708857/27.11.19 | 10000/- |
| 9 | 23/10.03.21 | 12720 |
| 10 | 608408/17.12.19 | 10000/- |
| 11 | 043162/29.02.20 | 25000/- |
| | 24/30.03.20 | 4240/- |
| | ആകെ | 221960 |

മേൽ പ്രകാരം നൽകിയ തുകയുടെ വാല്യവേഷനില്ലാതെ അവസാന ഗഡു നൽകിയതിന് വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (12/10.06.22) മറുപടിയായി ഗുണഭോക്താക്കൾ പ്രവൃത്തി പൂർത്തീകരിച്ചത് അന്വേഷണം നടത്തിയതിന്റെ അടിസ്ഥാനത്തിൽ രണ്ടാം ഗഡു അനുവദിച്ചതായും ടി പ്രവൃത്തിക്ക് വാല്യവേഷൻ വേണമെന്ന് അറിയാത്തതിനാൽ ആയത് ഫയലിനോടൊപ്പം സൂക്ഷിച്ചില്ല എന്ന് മറുപടി ലഭ്യമാക്കി. ആയത് ലഭ്യമാക്കുന്നതു വരെ 221960/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-38 കോക്ലിയർ ഇംപ്ലാന്റേഷൻ മെയിന്റനൻസ്-ധനവിനിയോഗസാക്ഷ്യപത്രം ലഭ്യമായിട്ടില്ല.

ചെക്ക് നം. 5323509/31.03.20 –50000/-

പ്രോജക്റ്റ് നം. 169/20

നിർവ്വഹണോദ്യോഗസ്ഥൻ - ഐ.സി.ഡി.എസ്.സൂപ്പർവൈസർ.

കോക്ലിയർ ഇംപ്ലാന്റേഷൻ മെയിന്റനൻസ് എന്ന പദ്ധതി പ്രകാരം അക്ഷിത്.എം.യു. എന്ന ഗുണഭോക്താവിന് വേണ്ടി 50000/- രൂപ കേരള സോഷ്യൽ സെക്യൂരിറ്റി മിഷന് കൈമാറിയിട്ടുണ്ട്. ആയതിന്റെ കൈപ്പറ്റ് രശീത് ഹാജരാക്കിയിട്ടുണ്ടെങ്കിലും ധനവിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയത് ഹാജരാക്കേണ്ടതാണ്.

## 1-39 അംഗൻവാടി വർക്കർ ഹെൽപ്പർ അധിക ഓണറേറിയം-2018-19 ൽ പദ്ധതി തയ്യാറാക്കിയില്ല.2019-20ൽ അധിക ബാദ്ധ്യത

2018-19 സാമ്പത്തിക വർഷം മുതൽ അങ്കണവാടി തൊഴിലാളികളുടേയും, സഹായികളുടെയും പ്രതിഫലത്തിലെ പ്രാദേശിക സർക്കാർ വിഹിതം പ്രോജക്റ്റ് വെച്ച് നല്കുന്നതിന് പകരം പ്രാദേശിക സർക്കാരുകൾക്ക് അനുവദിക്കുന്ന വികസന ഫണ്ടിന്റെ പൊതുവിഭാഗത്തിൽ നിന്നും അതാത് പ്രാദേശിക സർക്കാർ സെക്രട്ടറിമാർ "2235-02-102-05- Deduct Amount Transferred From Development Fund Towards Honorarium & Allowances Of Anganwadi Workers And Helpers (NP)" എന്ന ശീർഷക കണക്കിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യാനും, 2018-19 വർഷത്തെ വികസനഫണ്ടിന്റെ രണ്ടാം ഗഡു അനുവദിച്ച് കൊണ്ടുള്ള 25.07.2018 ലെ സർക്കാർ ഉത്തരവ് (സാധാരണം) 6345/2018/ധന പ്രകാരം നിർദ്ദേശിച്ചിരുന്നതാണ്. ഇത്തരത്തിൽ ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്ത തുക, വികസനഫണ്ട് അനുവദിച്ചതിന്റെ അറ്റതുകയിൽ ഉൾപ്പെടുത്തുകയും, പ്രസ്തുത തുകയുടെ ബാക്കി തുക മാത്രമേ വികസന ഫണ്ടിനത്തിൽ ഗ്രാമപഞ്ചായത്തിൽ ചെലവഴിക്കുന്നതിനാകൂ എന്നും ഉത്തരവിന്റെ 5-ാം ഖണ്ഡികയിൽ നിർദ്ദേശിച്ചിരുന്നതാണ്. ഉത്തരവിന്റെ അനുബന്ധം 1 ക്രമ നം. പ്രകാരം തളിക്കുളം ഗ്രാമ പഞ്ചായത്തിന് ഇത്തരത്തിൽ 2018-19 വർഷത്തിന്റെ ആദ്യ ആറ് മാസക്കാലത്തേയ്ക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്യേണ്ട തുകയായി ₹ 569400/-യും നിർദ്ദേശിച്ചിരുന്നതാണ്.

2018-19 വർഷത്തെ വികസനഫണ്ടിന്റെ മൂന്നാം ഗഡു അനുവദിച്ച് കൊണ്ടുള്ള 29.11.2018 ലെ സർക്കാർ ഉത്തരവ് (സാധാരണം) 9858/2018/ധന ഉത്തരവിന്റെ അനുബന്ധം 1 ക്രമ നം. 492 പ്രകാരം തളിക്കുളം ഗ്രാമ പഞ്ചായത്തിന് ഇത്തരത്തിൽ 2018-19 വർഷത്തിന്റെ രണ്ടാം പകുതിയിൽ ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്യേണ്ട തുകയായി ₹569400/- രൂപയും നിർദ്ദേശിച്ചിരുന്നതാണ്. മേൽ ഉത്തരവുകളെ അലോട്ട്മെന്റ് ലെറ്ററായി പരിഗണിക്കണമെന്നും ഉത്തരവിൽ നിർദ്ദേശിച്ചിരുന്നതാണ്.

എന്നാൽ ഈ ഇനത്തിൽ 2018-19 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്ത് അംഗൻവാടി വർക്കർ ഹെൽപ്പർ അധിക ഓണറേറിയം ഇനത്തിൽ പദ്ധതികൾ തയ്യാറാക്കിയില്ല. ACR പ്രകാരം 2018-19 കാലയളവിൽ ആകെ ലഭ്യമായ ₹13359000/- വികസനഫണ്ട് (പൊതുവിഭാഗം സാധാരണ വിഹിതം) ഇനത്തിൽ ₹12558446/- മാത്രമേ ഗ്രാമപഞ്ചായത്തിൽ ചെലവഴിക്കുകയുണ്ടായുള്ളൂ.

2019-20 വർഷത്തെ വികസനഫണ്ടിന്റെ മൂന്നാം ഗഡു അനുവദിച്ച് കൊണ്ടുള്ള 21.12.2019 ലെ സർക്കാർ ഉത്തരവ് (സാധാരണം) 10050/ധന ഉത്തരവിന്റെ ഖണ്ഡിക:6, അനുബന്ധം -1 ക്രമ നം. 492 എന്നിവ പ്രകാരം തളിക്കുളം ഗ്രാമ പഞ്ചായത്ത് അഗൻവാടി തൊഴിലാളികളുടേയും, സഹായികളുടെയും പ്രതിഫലത്തിലെ പ്രാദേശിക സർക്കാർ വിഹിതം 2018-19 വർഷത്തിൽ ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്യേണ്ടുന്നതിൽ കുറവുവന്ന തുകയായി ₹1138800/- 2019-20 വർഷത്തെ വികസനഫണ്ടിന്റെ മൂന്നാം ഗഡുവിൽ നിന്നും കുറവ് ചെയ്തിട്ടുള്ളതുമാണ്. സർക്കാർ ഉത്തരവുകൾ പാലിക്കുന്നതിലെ വീഴ്ചകൾ മൂലം ഗ്രാമപഞ്ചായത്തിന്റെ 2019-20 വർഷത്തിൽ വികസനാവശ്യത്തിന് ന്യായമായി ലഭിക്കേണ്ട തുകയിൽ നിന്നും കുറവുണ്ടായതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.

2019-20 വർഷത്തിൽ പ്രാദേശിക സർക്കാരുകൾക്ക് വികസന ഫണ്ട് അനുവദിച്ചുനല്കിയ സർക്കാർ ഉത്തരവ് നം.2772/2019/ധന. തീ.03.04.19, സർക്കാർ ഉത്തരവ് നം.6105/2019/ധന. തീ.01.08.19, സർക്കാർ ഉത്തരവ് നം.10050/2019/ധന. തീ.21.12.19 എന്നിവ പ്രകാരം ₹3,79,600/- വീതം ആകെ ₹11,38,800/- അംഗൻവാടി തൊഴിലാളികളുടെയും സഹായികളുടേയും പ്രതിഫല ഇനത്തിൽ പ്രാദേശിക സർക്കാർ വിഹിതമായി തളിക്കുളം ഗ്രാമ പഞ്ചായത്തിന് അനുവദിച്ചിരുന്നതാണ്. പ്രസ്തുത തുക സെക്രട്ടറി "2235-02-102-05- Deduct Amount Transferred From Development Fund Towards Honorarium & Allowances Of Anganwadi Workers And Helpers (NP)" എന്ന കണക്ക് ശീർഷകത്തിലേക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചേയ്യേണ്ടതാണെന്നും നിർദ്ദേശിച്ചിരുന്നതുമാണ്. എന്നാൽ 2019-20 വർഷത്തിൽ അംഗൻവാടി ജീവനക്കാർക്ക് അധിക ഓണറേറിയം ഇനത്തിൽ 229/20&230/20 നമ്പർ പ്രോജക്ടുകൾ പ്രകാരം ആകെ ₹7,59,200/- മാത്രമാണ് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിരിക്കുന്നത്. മേൽ പരാമർശിച്ച സർക്കാർ ഉത്തരവുകൾ പ്രകാരം ഈ ഇനത്തിൽ ₹11,38,800/- അടവാക്കേണ്ടതിനു പകരം ₹3,79,600/- കുറവ് ചെയ്ത് ₹₹7,59,200/- മാത്രം അടവാക്കിയതിലുള്ള കാരണം അറിയിക്കേണ്ടതാണ്.

ഇതു സംബന്ധിച്ച് 13.6.22ന് നല്കിയ 35-ാം നമ്പർ ഓഡിറ്റ് അന്വേഷണത്തിന് മറുപടി അറിയിച്ചിട്ടില്ലാത്തതാണ്.

## 1-40 പത്ര പരസ്യം - സർക്കാർ നിർദ്ദേശപ്രകാരമുള്ള ഡിസ്കൗണ്ട് ലഭ്യമായില്ല

ജി.ഒ (ആർ.ടി) 01/11ഐ & പി.ആർ.ഡി തീ.04.01.2011, ജി.ഒ (ആർ.ടി)288/14/ഐ & പി.ആർ.ഡി തീ.10.09.2014 എന്നീ ഉത്തരവുകൾ പ്രകാരം ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് മുഖേനയോ, നേരിട്ടോ സർക്കാർ സ്ഥാപനങ്ങൾ, തദ്ദേശഭരണസ്ഥാപനങ്ങൾ എന്നിവർ വർത്തമാന പത്രങ്ങളിൽ പരസ്യം ചെയ്യുന്നതിന് 15% ഡിസ്കൗണ്ട് അനുവദനീയമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ 2019-20 വർഷത്തിൽ വിവിധ ആവശ്യങ്ങൾക്കായി പത്രങ്ങളിൽ പരസ്യം നൽകിയതിനുള്ള പരസ്യ ചാർജ് നൽകിയപ്പോൾ ഡിസ്കൗണ്ട് ലഭ്യമായിട്ടില്ല. ഡിസ്കൗണ്ട് ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

| ക്രമ നം. | വൗച്ചർ നം. | തിയതി | പത്ര സ്ഥാപനം | ഇൻവോയ്സ് നം. | തുക |
|---|---|---|---|---|---|
| 1 | 21900074 | 29.4.2019 | ദേശാഭിമാനി | TCR2019/04 /98689 | 9660 |
| 2 | 21900017 | 2.4.2019 | “ | TCR2019/02 /9123089 | 8820 |
| 3 | 21900018 | 2.4.2019 | “ | TCR2018/07 /61189 | 8820 |
| 4 | 21900018 | 2.4.2019 | “ | TCR2019/01 /87732 | 7056 |
| 5 | 21900018 | 2.4.2019 | “ | TCR/853358 | 7056 |
| 6 | 21900159 | 21.5.2019 | “ | TCR/2019/12 | 5796 |
| 7 | 21900376 | 29.7.2019 | “ | TCR/2019/0835 | 9660 |
| 8 | 21900424 | 6.8.2019 | “ | TCR/2019/0070 | 9660 |
| 9 | 21900853 | 26.11.2019 | “ | ലഭ്യമല്ല | 9660 |
| 10 | 21900892 | 2.12.2019 | “ | TCR/2019/2546 | 11592 |
| 11 | 21900952 | 23.12.2019 | “ | TCR/2019/2546 | 7728 |
| 12 | 21901350 | 27.3.2020 | “ | TCR/2020/3487 | 3864 |
| ആകെ | | | | | 99372 |

## 1-41 പട്ടികജാതി വകുപ്പിൽ നിന്നുംസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

നിർവ്വഹണ ഉദ്യോഗസ്ഥ - ഹെഡ്മിസ്ട്രസ്

പ്രോജക്ട് - S0156/19-20

എസ്.സി വദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് -

വൗച്ചർ നം .21900546/13.7.2019, തുക -1,65,300/-

പദ്ധതി പ്രകാരം Monger Box Tra Trade Halcyon Transmission Technologies എന്ന സ്ഥാപനത്തിന് ഇൻവോയ്സ് നം. 397/29.1.2019 പ്രകാരം 6 ലാപ്ടോപ്പുകൾക്കായി മേൽ തുക കൈമാറിയിട്ടുണ്ട്. ജി.ഒ. (എം.എസ്.)നം.22/2018/ത.സ്വ.ഭ.വ തീ.14.2.2018 സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 7.2.8 പ്രകാരം ഗുണഭോക്താക്കൾക്ക് പട്ടികജാതി വകുപ്പിൽ നിന്ന് നേരത്തെ ലാപ്ടോപ്പ് ലഭിച്ചിട്ടില്ലെന്ന് ഉറപ്പു വരുത്തേണ്ടതുണ്ട്. താഴെ പറയുന്ന ഗുണഭോക്താക്കൾക്ക് പട്ടികജാതി വകുപ്പിൽ നിന്നും ഈ ആനുകൂല്യം ലഭിച്ചിട്ടില്ലാ എന്നുള്ള സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

ആതിര.എ.എ

ആദർശ്.എൻ.എസ്

അഭിഷേക്

നയന.സി.വി

സുമ.കെ.എം

## 1-42 എസ്.സി വദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് - അപാകതകൾ-ചെലവ് 1,13,515 രൂപ തടസ്സപ്പെടുത്തുന്നു

നിർവ്വഹണ ഉദ്യോഗസ്ഥ –ഹെഡ്മിസ്ട്രസ്

പ്രോജക്ട് 40/19-20

എസ്.സി വദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ്

വൗച്ചർ നം. 21901312/21.12.2019, തുക –1,13,515 രൂപ

പദ്ധതി പ്രകാരം മേൽ തുക 5 ലാപ്പ്ടോപ്പുകൾക്കായി കേരള ഐടി മിഷന് കൈമാറിയിട്ടുണ്ട്. പദ്ധതിനടത്തിപ്പുമായി ബന്ധപ്പെട്ട അപാകതകൾ താഴെ കൊടുക്കുന്നു

എ) കേരള ഐടി മിഷനിൽ നിന്നുള്ള ഒറിജിനൽ ബിൽ ഹാജരാക്കിയിട്ടില്ല.

ബി) വിതരണ സ്ഥാപനം ലെനോവ കമ്പനി ഹാജരാക്കിയ ടാക്സ് ഇൻവോയ്സ് പ്രകാരം (ഇൻവോയ്സ് നം. RV200105011349/9.3.21) 5 ലാപ്പ്ടോപ്പുകൾക്ക് ചെലവ് തുക 1,09,231 രൂപയാണ്. കേരള ഐടി മിഷന്റെ പ്രൊഫോർമ ഇൻവോയ്സ് (TVM/ITBG/P1/RC/10892/17-18/7.11.2019) പ്രകാരം 1,13,515 രൂപ കേരള ഐടി മിഷന് കൈമാറിയിട്ടുണ്ട്. അധിക തുക 4284/- രൂപ (1,13,515- 1,09,231) കേരള ഐടി മിഷന് അനുവദിച്ചിട്ടുണ്ട്. ആയത് തിരികെ ഈടാക്കേണ്ടതാണ്.

സി) കേരള ഐടി മിഷനുമായി കരാറിലേർപ്പെട്ടില്ല.

ഡി) ജി.ഒ.(എം.എസ്.)നം.22/2018/ത.സ്വ.ഭ.വ തീ.14.2.2018 സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 7.2.8 പ്രകാരം ഗുണഭോക്താക്കൾക്ക് പട്ടികജാതി വകുപ്പിൽ നിന്ന് നേരത്തെ ലാപ്പ്ടോപ്പ് ലഭിച്ചിട്ടില്ലെന്ന് ഉറപ്പു വരുത്തേണ്ടതുണ്ട്. എന്നാൽ താഴെ പറയുന്ന ഗുണഭോക്താക്കൾക്ക് പട്ടികജാതി വകുപ്പിൽ നിന്നും ഈ ആനുകൂല്യം ലഭിച്ചിട്ടില്ലാ എന്നുള്ള സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

I) സന്ദൂപ് കുമാർ.കെ.എസ്

Ii) ഷോണിമ.പി.കെ

Iii) മേഘ.എൻ.പി

Iv) ദേവിക

V) പ്രമിൽഷ

ഇ) ഗുണഭോക്തൃ ലിസ്റ്റ് ഹാജരാക്കിയിട്ടില്ല.

അപാകതകൾ പരിഹരിക്കുന്നതുവരെ ചെലവു തുകയായ 1,13,515 രൂപ തടസ്സപ്പെടുത്തുന്നു.

## 1-43 തുടർ സാക്ഷരതാ പ്രവർത്തനം - ചെലവ് രേഖകൾ ഹാജരാക്കേണ്ടതാണ്-23021 രൂപ തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥ – ഹെഡ്മിസ്ട്രസ്

പ്രോജക്ട് -209/19-20, തുടർ സാക്ഷരതാ പ്രവർത്തനം

ചെക്ക് നം.513213/31.3.20, തുക -37,833 രൂപ

തുടർ സാക്ഷരതാ പ്രവർത്തനം എന്ന പദ്ധതി പ്രകാരം മേൽ തുക മിനി.എം.ആർ, സാക്ഷരതാ പ്രേരകിന് കൈമാറിയിട്ടുണ്ട്. മേൽ തുകയിൽ 14812 രൂപയുടെ ചെലവ് രേഖകളാണ് ഹാജരാക്കിയിട്ടുള്ളത്. ബാക്കി 23021 രൂപയുടെ ചെലവ് രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്. ഓഡിറ്റ് എൻക്വയറി നം. 6/9.6.22 ന് മറുപടി ലഭ്യമാക്കിയില്ല. രേഖകൾ ഹാജരാക്കുന്നതു വരെ 23021 രൂപ തടസ്സപ്പെടുത്തുന്നു.

## 1-44 പ്രൊജക്ട് ഫയലുകൾ അനുബന്ധ രേഖകൾ സഹിതം പൂർണ്ണമാക്കി ലഭ്യമാക്കുന്നതുവരെ ചെലവുതുക 228109 രൂപ തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ : സബ്ബ് ഇൻസ്പെക്ടർ ഫിഷറീസ്

2019-20 വർഷത്തിൽ നടപ്പാക്കിയ പ്രൊജക്ട് ഫയലുകൾ അനുബന്ധ രേഖകൾ സഹിതം പൂർണ്ണമാക്കി ലഭ്യമാക്കിയിട്ടില്ല. താഴെപ്പറയുന്ന രണ്ടു പ്രൊജക്ടുകളാണ് നടപ്പാക്കിയത്.

| പ്രൊ.നം./പേര്/ചെലവു തുക | വൗച്ചർ നം./ചെക്ക് നം./തീയതി | തുക |
|---|---|---|

<table>
<tr><td>43/20<br>മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് ലാപ്പ്ടോപ്പ്<br>വി. ഫണ്ട് 68109</td><td>21901183/17-12-2019</td><td>68109</td></tr>
<tr><td rowspan="2">21/ 20<br>മത്സ്യത്തൊഴിലാളികൾക്ക് വല<br>വി. ഫണ്ട് 80000<br>ഗു.ഭോ. വിഹിതം 80000<br>ആകെ 160000</td><td>21901187/17-12-2019</td><td>80000</td></tr>
<tr><td>ഗു.ഭോ. വിഹിതം 80000<br>ചെക്ക് നം. 608411/ 19-12-2019</td><td>80000</td></tr>
<tr><td></td><td>ആകെ</td><td>228109</td></tr>
</table>

സബ്സിഡി മാർഗ്ഗരേഖ സ. ഉ [കൈ] നം.22/ 2018 ത.സ്വ.ഭ.വ തീയതി 14.2.2018 ഖ. 6.3 പ്രകാരമുള്ള അർഹതാ മുൻഗണന മാനദണ്ഡങ്ങൾ/വ്യവസ്ഥകൾ പാലിച്ചു എന്നുറപ്പു വരുത്തുന്നതിനാവശ്യമായ രേഖകൾ ലഭ്യമാക്കിയില്ല. നിർവ്വഹണ ഉദ്യോഗസ്ഥൻ സൂക്ഷിക്കേണ്ട കാഷ്ബുക്ക്, പ്രൊജക്ട് രജിസ്റ്റർ, ഗുണഭോക്തൃരജിസ്റ്റർ എന്നിവയും ലഭ്യമാക്കിയിട്ടില്ല. മേൽസാഹചര്യത്തിൽ ആയത് ലഭ്യമാക്കുന്നതുവരെ തൻ വർഷത്തെ ചെലവു തുക 228109 രൂപ തടസ്സപ്പെടുത്തുന്നു. ഓഡിറ്റ് എൻക്വയറിക്ക് [നം : 26/10.6.22] മറുപടി ലഭ്യമാക്കിയില്ല. ഇതു സംബന്ധിച്ച് സ്പെഷ്യൽ ലെറ്റർ നം. കെ.എസ്.എ.ടി.എസ്.ആർ (പി 14) 1035/2022 തയ്യാറാക്കി വകുപ്പ് മേധാവിക്കും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർക്കും അയച്ചിട്ടുണ്ട്.

## 1-45 ലാപ്ടോപ്പ് വിതരണം-രേഖകൾ ഹാജരാക്കിയില്ല -384000രൂപ തടസ്സപ്പെടുത്തുന്നു

എസ്.സി വദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് -

നിർവ്വഹണ ഉദ്യോഗസ്ഥ – ഹെഡ്മിസ്ട്രസ്

പ്രോജ്കട് – S0155/19-20

ചെക്ക് നം. JF397378/3.7.2019, തുക -384000

പദ്ധതി പ്രകാരം മേൽ തുക Monger Box Tra Trade Pvt. Ltd എന്ന സ്ഥാപനത്തിന് കൈമാറിയിട്ടുണ്ട്. (ഇൻവോയ്സ് നം. JF0397378/9.8.2019). പദ്ധതിയുമായി ബന്ധപ്പെട്ട അപാകതകൾ താഴെ കൊടുക്കുന്നു.

എ) സ്ഥാപനത്തിന് തുക കൈമാറിയതിന്റെ യു.ടി.ആർ/ കൈപ്പറ്റ് വിവരം ലഭ്യമാക്കിയിട്ടില്ല.

ബി) താഴെ പറയുന്ന ഗുണഭോക്താക്കൾക്ക് പട്ടികജാതി വകുപ്പിൽ നിന്നും ഈ ആനുകൂല്യം ലഭിച്ചിട്ടില്ലാ എന്നുള്ള സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

I)അമർനാഥ്.സി.പി

Ii)പ്രഗീന.എ.പി

Iii)സിന്റർല സുരേഷ്

Iv)ലയ.കെ.ജെ

V)ലിജിഷ.കെ.യു

Vi)നിഥിൻ.സി.എസ്

Vii)സനിഗ.കെ.എസ്

Viii)ആതിര ധർമ്മൻ

Ix)അനീഷ്മ.കെ.ബി

സി)22.10.2019 തിയതിയിലെ നം1/14 പഞ്ചായത്ത് കമ്മിറ്റി തീരുമാന പ്രകാരം 2019-20 വാർഷിക പദ്ധതിയിൽ ഉൾപ്പെട്ട എസ്.സി വദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് എന്ന പദ്ധതിയിൽ ഗുണഭോക്തൃ ലിസ്റ്റിൽ 6-ാം നമ്പറായ സിന്റർല സുരേഷിന് കഴിഞ്ഞ സാമ്പത്തിക വർഷം ലാപ്ടോപ്പ് ലഭിച്ചിട്ടുണ്ടെന്നും ആയതിനാൽ ടി ഗുണഭോക്തൃ ലിസ്റ്റിലെ തന്നെ ഗുണഭോക്താവായ ആകാശ് കിഷോറിന് ലാപ്ടോപ്പ് നൽകുന്നതിനും തീരുമാനിച്ചിട്ടുണ്ട്. എന്നാൽ രജിസ്റ്റർ പ്രകാരം ലാപ്ടോപ്പ് കൈപ്പറ്റിയിട്ടുള്ളത് സിന്റർല സുരേഷാണ്. ഫയലിനോടൊപ്പം സിന്റർല സുരേഷ് എന്ന ഗുണഭോക്താവിന്റെ അപേക്ഷയും അനുബന്ധരേഖകളുമാണ് ഹാജരാക്കിയിട്ടുള്ളത്. ആകാശ് കിഷോറിന് ലാപ്ടോപ്പ് കൈമാറിയിട്ടുണ്ടെങ്കിൽ

ആയതു സംബന്ധിച്ച രേഖകൾ ഹാജരാക്കേണ്ടതാണ്. ഓഡിറ്റ് എൻക്വയറിക്ക്( നം 6 /9-6-22) മറുപടി ലഭ്യമാക്കിയില്ല രേഖകൾ ഹാജരാക്കുന്നതുവരെ ചെലവു തുകയായ 384000 രൂപ തടസ്സപ്പെടുത്തുന്നു

## 1-46 വിനിയോഗ സാക്ഷ്യപത്രം ഇല്ല; 600000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

(എൻക്വയറി നമ്പർ -9/9.6.22)

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതികളിൽ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ട താഴെ കൊടുത്തിരിക്കുന്ന പദ്ധതികളുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. വിശദാംശം താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | പദ്ധതി നമ്പർ/പദ്ധതിയുടെ പേര് | ബിൽ നമ്പർ/തീയതി | തുക | റിമാർക്സ് |
|---|---|---|---|---|
| 1 | 28/20 സ്ട്രീറ്റ് ടാപ്പ് ലൈൻ എക്സ്റ്റൻഷൻ | ദ16/19.9.19 | 600000 | KWA ക്ക് നൽകിയത് |
| 2 | 3/20 ഐ.കെ.എം വിഹിതം നൽകൽ | 21901337/24.3.20 | 56397 | ഐ.കെ.എം ഡയറക്ടർക്ക് കൈമാറിയത് |

വിനിയോഗ സാക്ഷ്യപത്രം പരിശോധനക്ക് ഹാജരാക്കേണ്ടതാണ്. വിനിയോഗ സാക്ഷ്യപത്രം ഹജരാക്കാത്തതിനാൽ ക്രമ നം.1 ൽ ചെലവഴിച്ച 600000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-47 വനിത ഫിറ്റ്നസ് സെന്റർ ട്രെയിനർക്ക് വേതനം - പദ്ധതി മാർഗ്ഗരേഖക്ക് വിരുദ്ധം;ചെലവ് തുക 35898 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

പദ്ധതി നമ്പർ -148/20

നിർവ്വഹണ ഉദ്യോഗസ്ഥൻ -സെക്രട്ടറി

ബിൽ നമ്പർ - 10 /17.8.19-35898/-

വനിത ഫിറ്റ്നസ് സെന്റർ ട്രെയിനർക്ക് വേതനം എന്ന പദ്ധതിക്കായി വികസന ഫണ്ട് ജനറലിൽ നിന്ന് മേൽ പ്രകാരം 35898 രൂപ ചെലവഴിച്ചിട്ടുണ്ട്. സബസിഡി മാർഗ്ഗരേഖ ഉത്തരവ് 22/2018/തസ്വഭവ തീ.14.02.18 ഖ. 8.10 പ്രകാരം ഫിറ്റ്നസ് ട്രെയിനർക്ക് വേതനം നൽകുന്നതിന് വികസന ഫണ്ട് ഉപയോഗിക്കുന്നതിന് നിർദ്ദേശമില്ല. വനിത ഫിറ്റ്നസ് സെന്റർ നല്ല രീതിയിൽ പ്രവർത്തിക്കുന്നുണ്ടെങ്കിലും, ഫിറ്റ്നസ് ഉപകരണങ്ങൾ കൈകാര്യം ചെയ്യുന്നതിനുള്ള യോഗ്യത നിലവിലെ ട്രെയിനർക്ക് ഉള്ളതായ രേഖകൾ ഫയലിൽ ഇല്ല. യോഗ ട്രെയിനിങ്ങ് യോഗ്യതയുടെ സർട്ടിഫിക്കറ്റ് ആണ് ഉള്ളത്. പദ്ധതി/സബ്സിഡി മാർഗ്ഗരേഖയിൽ ട്രെയിനർക്ക് വേതനം നല്കുന്നതിനുള്ള വ്യവസ്ഥ ഇല്ലാത്തതിനാൽ ചെലവ് തുക 35898 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-48 സ്ട്രീറ്റ് ടാപ്പ് ലൈൻ എക്സ്റ്റൻഷൻ-സെന്റേജ് ചാർജ്ജിനത്തിൽ അധിക തുക നൽകി;ചെലവ് തുക 600000 രൂപ തടസ്സപ്പെടുത്തുന്നു.

പദ്ധതി നമ്പർ – 28/20

നിർവ്വഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി

ബിൽ നമ്പർ - 16/19.9.19-600000/-

സ്ട്രീറ്റ് ടാപ്പ് ലൈൻ എക്സ്റ്റൻഷൻ എന്ന പദ്ധതിക്കായി കേരള വാട്ടർ അതോറിറ്റിയിൽ മേൽ പ്രകാരം 600000 രൂപ മുൻകൂർ അടവാക്കിയിട്ടുണ്ട്. 800000 രൂപയുടെ എസ്റ്റിമേറ്റ് ആണ് ഫയലിൽ ഉള്ളത്. 2 ലക്ഷം രൂപ വി.ഇ.ഒ നിർവ്വഹണ ഉദ്യോഗസ്ഥനായി കേരള വാട്ടർ അതോറിറ്റിക്ക് 2017-18 ൽ കൈമാറിയത് മുൻകൂർ ഹെഡ്ഡിൽ ഉൾപ്പെടുത്തേണ്ടതിനു പകരം Capital Work In Proress എന്ന ഹെഡ്ഡിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. എസ്റ്റിമേറ്റ് പരിശോധിച്ചതിൽ 12.5 % സെന്റേജ് ചാർജ്ജ് ആണ് ഈടാക്കിയിരിക്കുന്നത്. പിഡബ്ലിയുഡി മാനുവൽ ഖ.1601.4 പ്രകാരം എസ്റ്റിമേറ്റ്, പ്ലാൻ എന്നിവ തയ്യാറാക്കുന്നതിനുള്ള സെന്റേജ് ചാർജ്ജ് ആയ 2.5% തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ നിന്ന് ഈടാക്കുവാൻ പാടില്ല. ആയതിനാൽ സെന്റേജ് ചാർജ്ജിനത്തിൽ ആകെ നൽകിയ 88555 ന്റെ 2.5 % തുക 2213രൂപ കേരള വാട്ടർ അതോറിറ്റിയിൽ നിന്ന് തിരികെ ഈടാക്കേണ്ടതാണ്. 600000/-രൂപ കൈമാറിയ കരാർ പ്രകാരം (7/19-20 20.9.19)

31.3.2020 നള്ളിൽ പണി പൂർത്തീകരിക്കേണ്ടതാണ്. എന്നാൽ ഫൈനൽ ബിൽ, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഫയലിൽ ഇല്ല. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കാത്തതിനാൽ ചെലവ് തുക 600000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-49 പഞ്ചായത്ത് ഓഫീസിലേക്ക് ഫർണ്ണീച്ചർ-മാർഗ്ഗരേഖക്ക് വിരുദ്ധമായി വാങ്ങൽ നടത്തി;ചെലവ് 131112 രൂപ തടസ്സപ്പെടുത്തുന്നു

പദ്ധതി നമ്പർ – 147/20

നിർവ്വഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി

വൗച്ചർ നമ്പർ നമ്പർ - 21900537/9.8.19-150000/-

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി പഞ്ചായത്ത് ഓഫീസിലേക്ക് ഫർണ്ണീച്ചർ എന്ന പദ്ധതി പ്രകാരം മെയിന്റനൻസ് നോൺ റോഡ് ഫണ്ട് ഉപയോഗിച്ച് വാങ്ങിയ 150000 രൂപയുടെ ഫർണ്ണീച്ചറിൽ 131112 രൂപയുടെ ഫർണ്ണീച്ചറും പഞ്ചായത്ത് ഓഫീസിന്റെ ഉപയോഗത്തിനായാണ് വാങ്ങിയത്. പദ്ധതി മാർഗ്ഗരേഖ ഉത്തരവ് 11/18/തസ്വഭവ/29.1.2018 ഖ.6.7(4) പ്രകാരം ഘടക സ്ഥാപനങ്ങളുടെ അറ്റകുറ്റപ്പണിക്കാണ് മെയിന്റനൻസ് നോൺ റോഡ് ഫണ്ട് ഉപയോഗിക്കാവുന്നത്. സർക്കാർ ഉത്തരവിനു വിരുദ്ധമായി നടത്തിയ വാങ്ങലിനായി ചെലവഴിച്ച 131112 രൂപ തടസ്സപ്പെടുത്തുന്നു (ഓഡിറ്റ് എൻക്വയറി നമ്പർ-9/9.6.22).

## 1-50 ക്യാൻ തൃശ്ശൂർ വിഹിതം നൽകൽ- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതുവരെ ചെലവ് തുക 50000/- തടസ്സപ്പെടുത്തുന്നു.

പദ്ധതി നമ്പർ – 221/20

നിർവ്വഹണ ഉദ്യോഗസ്ഥൻ – മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി തളിക്കുളം

ക്യാൻ തൃശ്ശൂർ വിഹിതം നൽകലിനായി തുക കൈമാറിയതിന്റെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല. വിശദാംശം താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | പദ്ധതി നമ്പർ/പദ്ധതിയുടെ പേര് | വൗച്ചർ നമ്പർ/തീയതി | തുക | റിമാർക്സ് |
|---|---|---|---|---|
| 1 | ക്യാൻ തൃശ്ശൂർ വിഹിതം നൽകൽ | 21901073/27.1.2020 | 50000 | തൃശ്ശൂർ ജില്ലാ പഞ്ചായത്തിന് നൽകിയത് |

വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതുവരെ ചെലവ് തുക 50000/- തടസ്സപ്പെടുത്തുന്നു.

## 1-51` ലോഗ്ബുക്ക് പരിപാലനം അപാകതകൾ

പഞ്ചായത്ത് ഉടമസ്ഥതയിലുള്ള ബൊലേറൊ KL- 46 A 6339 എന്ന വാഹനത്തിന്റെ ലോഗ്ബുക്ക് അനുബന്ധ രേഖകൾ എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

ലോഗ് ബുക്ക് ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

വാഹന ഉപയോഗത്തെ കുറിച്ചുള്ള പ്രതിമാസ സംക്ഷിപ്തം എഴുതി സൂക്ഷിച്ചിട്ടില്ല.

ഇന്ധനക്ഷമതാ സാക്ഷ്യ പത്രം ലോഗ് ബുക്കിൽ സൂക്ഷിച്ചിട്ടില്ല.

അറ്റകുറ്റ പണികളെ കുറിച്ചുള്ള വിവരങ്ങൾ ലോഗ് ബുക്കിൽ യഥാസമയം രേഖപ്പെടുത്തിയിട്ടില്ല.

ഇക്കാര്യത്തിൽ 2/8/08 തിയ്യതിയിലെ നം.41/2008/ധനം സർക്കുലർ പ്രകാരമുള്ള നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

## 1-52 ബോട്ടിൽ ബൂത്ത് സ്ഥാപിക്കൽ - പദ്ധതി ലക്ഷ്യം നേടിയില്ല.

പദ്ധതി നമ്പർ – 207/20

നിർവ്വഹണ ഉദ്യോഗസ്ഥൻ –സെക്രട്ടറി

വൗച്ചർ നമ്പർ – 21901385/31.3.2020

പഞ്ചായത്ത് പരിധിയിൽ ഉപയോഗ ശൂന്യമായ ബോട്ടിലുകൾ

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 24400 | കര നെൽകൃഷി | 24400 | 0 |
| | 2019-20 | 300000 | പോഷകാഹാരം | 300000 | 0 |
| | 2019-20 | 400000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 400000 | 0 |
| | 2019-20 | 12000 | 44-ാം നം. അംഗനവാടിയിൽ ശിശു സൗഹൃദ ടോയ് ലറ്റ് | 0 | 12000 |
| | 2019-20 | 10000 | 44-ാം നം. അംഗനവാടിയിൽ കുടിവെള്ള സംവിധാനം | 10000 | 0 |
| | 2019-20 | 50000 | അങ്കണവാടികൾക്ക് ബേബി ബെഡ് | 0 | 50000 |
| | 2019-20 | 75000 | തളിക്കുളം പഞ്ചായത്തിലെ ക്ഷീര സംഘങ്ങളിൽ പാൽ അളക്കുന്ന കർഷകർക്ക് സബ്സിഡി | 75000 | 0 |
| ജില്ലാ പഞ്ചായത്ത് | 2019-20 | 264200 | സാന്ത്വന പരിചരണ പരിപാടി | 264200 | 0 |
| | 2019-20 | 300000 | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 100000 | 200000 |
| | 2019-20 | 200000 | അങ്കണവാടി പോഷകാഹാരം | 200000 | 0 |
| | 2019-20 | 400000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 300000 | 100000 |
| | 2019-20 | 305000 | വികലാംഗർക്ക് സൈഡ് വീൽ സ്കൂട്ടർ | 0 | 305000 |
| | 2019-20 | 25000 | തളിക്കുളം പഞ്ചായത്തിലെ ക്ഷീര സംഘങ്ങളിൽ പാൽ അളക്കുന്ന | 0 | 25000 |

| | | | | | |
|---|---|---|---|---|---|
| | | | കർഷകർക്ക് സബ്സിഡി | | |
| | 2019-20 | 2200000 | അങ്കണവാടികൾക്ക് സ്ഥലം | 0 | 2200000 |
| | ആകെ | | | | |

നിക്ഷേപിക്കുക എന്ന ലക്ഷ്യത്തോടെ 6 ബോട്ടിൽ ബൂത്തുകൾ സ്ഥാപിക്കുന്നതിനായാണ് പദ്ധതി ആവിഷ്കരിച്ചത്. ഇപ്രകാരം നിക്ഷേപിക്കപ്പെടുന്ന ബോട്ടിലുകൾ ഹരിത കർമ്മസേന വഴി നീക്കം ചെയ്യുന്നതിനായാണ് തീരുമാനിച്ചത്. ടിപ്പ് ടോപ്പ് ഫർണ്ണീച്ചർ എന്ന സ്ഥാപനത്തിൽ നിന്നും ഇൻവോയ്സ് നം.026/തീ. ഇല്ല പ്രകാരം വാങ്ങിയ 6 ബോട്ടിൽ ബൂത്തുകൾ പഞ്ചായത്തിലെ വിവിധ സ്ഥലങ്ങളിൽ സ്ഥാപിച്ചിട്ടുണ്ട്. 2 എണ്ണം പഞ്ചാത്തിന്റെ തൊട്ടടുത്ത ബസ് സ്റ്റോപ്പുകളിലാണ് സ്ഥാപിച്ചത്. ഓഡിറ്റ് നടത്തിയ ഭൗതിക പരിശോധനയിൽ അവയിൽ നിറയെ മാലിന്യങ്ങൾ പ്ലാസ്റ്റിക്ക് കവറിലാക്കി തള്ളിയിരിക്കുന്നതായി കണ്ടു. അവ നീക്കം ചെയ്തിട്ടുമില്ല. ബോട്ടിൽ ബൂത്തുകൾ മാലിന്യത്താൽ നിറഞ്ഞിരിക്കുന്ന അവസ്ഥയാണ് നിലവിലുള്ളത്. പദ്ധതി അതിന്റെ ലക്ഷ്യം നേടുന്നതിൽ വിജയിച്ചില്ല എന്നാണ് ഇതിൽ നിന്നും വ്യക്തമാകുന്നത്. മാലിന്യം തെറ്റായ രീതിയിൽ തള്ളുന്നവർക്കെതിരെ പഞ്ചായത്ത് രാജ് ആക്ട് പ്രകാരം നടപടി സ്വീകരിക്കുകയും ജനങ്ങളിൽ ശരിയായ അവബോധം സൃഷ്ടിച്ച്, ബോട്ടിൽ ബൂത്തുകൾ ഉപയോഗയോഗ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതിലേക്ക് ഭരണ സമിതിയുടെ ശ്രദ്ധക്ഷണിക്കുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 24400 | കര നെൽകൃഷി | 24400 | 0 |
| | 2019-20 | 300000 | പോഷകാഹാരം | 300000 | 0 |
| | 2019-20 | 400000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 400000 | 0 |
| | 2019-20 | 12000 | 44-ാം നം. അംഗനവാടിയിൽ ശിശു സൗഹൃദ ടോയ് ലറ്റ് | 0 | 12000 |
| | 2019-20 | 10000 | 44-ാം നം. അംഗനവാടിയിൽ കുടിവെള്ള | 10000 | 0 |

| | | | | | |
|---|---|---|---|---|---|
| | | | സംവിധാനം | | |
| | 2019-20 | 50000 | അങ്കണവാടികൾക്ക് ബേബി ബെഡ് | 0 | 50000 |
| | 2019-20 | 75000 | തളിക്കുളം പഞ്ചായത്തിലെ ക്ഷീര സംഘങ്ങളിൽ പാൽ അളക്കുന്ന കർഷകർക്ക് സബ്സിഡി | 75000 | 0 |
| ജില്ലാ പഞ്ചായത്ത് | 2019-20 | 264200 | സാന്ത്വന പരിചരണ പരിപാടി | 264200 | 0 |
| | 2019-20 | 300000 | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 100000 | 200000 |
| | 2019-20 | 200000 | അങ്കണവാടി പോഷകാഹാരം | 200000 | 0 |
| | 2019-20 | 400000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 300000 | 100000 |
| | 2019-20 | 305000 | വികലാംഗർക്ക് സൈഡ് വീൽ സ്കൂട്ടർ | 0 | 305000 |
| | 2019-20 | 25000 | തളിക്കുളം പഞ്ചായത്തിലെ ക്ഷീര സംഘങ്ങളിൽ പാൽ അളക്കുന്ന കർഷകർക്ക് സബ്സിഡി | 0 | 25000 |
| | 2019-20 | 2200000 | അങ്കണവാടികൾക്ക് സ്ഥലം | 0 | 2200000 |
| | ആകെ | | | | |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവർത്തിയുടെ പേര് | വൗച്ചർ നം./ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ വലിക്കൽ | - | 600000 | 0 | 600000 |
| കെ.എസ്.ഇ.ബി | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | - | 1280232 | 483041 | 797191 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

## 4-4 വായ്പ/വായ്പ തിരിച്ചടവ്

| വായ്പയുടെ പേര്/ഉദ്ദേശ്യം | ഉത്തരവ് നം./തിയതി | വായ്പാ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന നിർമ്മാണം HUDCO | സ.ഉ(സാധാ)നം. 68/2018 /ത.സ്വ.ഭ.വ | 5933980 | 11433980 | 800744 | 0 | 10633236 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2003-04 | 3(11) | 2006-07 | 3.53.1 | റോഡ് നിർമ്മാണത്തിന് അഡ്വാൻസ് നൽകിയത് | തുക അടവാക്കിയിട്ടുണ്ട് |
| 2014-15 | 2(1) | 2016-17 | 2(1) | സ്ഥാപന തൊഴിൽ നികുതി | തുക അടവാക്കിയിട്ടുണ്ട് |
| 2014-15 | 2(5) | 2016-17 | 2(2) | പെർമിറ്റ് അപാകതകൾ | തുക അടവാക്കിയിട്ടുണ്ട് |

## 4-8 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

ലഭ്യമല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്തവിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 63688747 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 66059686 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2387615/- |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം.

ഇല്ല.

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക.

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|

| | | |
|---|---|---|
| 1-37 | 221960 | ദിവ്യ.ടി.ശങ്കർ, വി.ഇ.ഒ, സർക്കിൾ-2 തളിക്കുളം |
| 1-42 | 113515 | ശ്രീകല എം., ഹെഡ്മിസ്ട്രസ്,<br>ജി.എം.എൽ.പി.എസ് നോർത്ത്, തളിക്കുളം |
| 1-43 | 23021 | ശ്രീകല എം., ഹെഡ്മിസ്ട്രസ്,<br>ജി.എം.എൽ.പി.എസ് നോർത്ത്, തളിക്കുളം |
| 1-44 | 228109 | സുരേഷ് ബാബു.വി.എസ്<br>സബ്ബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് |
| 1-45 | 384000 | ശ്രീകല എം.പി., ഹെഡ്മിസ്ട്രസ്<br>ജി.എം.എൽ.പി.എസ് നോർത്ത്, തളിക്കുളം |
| 1-46 | 600000 | ഉന്മേഷ്.എ.ആർ,സെക്രട്ടറി |
| 1-47 | 35898 | ഉന്മേഷ്.എ.ആർ,സെക്രട്ടറി |
| 1-48 | 600000 | ഉന്മേഷ്.എ.ആർ,സെക്രട്ടറി |
| 1-49 | 131112 | ഉന്മേഷ്.എ.ആർ,സെക്രട്ടറി |
| 1-50 | 50000 | ഡോ.കേതൽ പ്രമോദ്<br>മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി |
| ആകെ | 2387615 | |

(സി) കേന്ദ്ര -സംസ്ഥാനസർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം.

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ.

ഇല്ല.

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന തടസ്സത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ.

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും | സ്ഥിരം മേൽവിലാസം |
|---|---|---|---|
| 1-37 | 221960 | ദിവ്യ.ടി.ശങ്കർ,<br>ഹൗസിങ്ങ് ഓഫീസർ<br>മല്ലപ്പള്ളി ബ്ലോക്ക്<br>പത്തനംതിട്ട | തേറമ്പിൽ വീട്<br>തമ്പാൻകടവ് പി.ഒ |
| 1-42 | 113515 | ശ്രീകല എം., ഹെഡ്മിസ്ട്രസ്,<br>ജി.എം.എൽ.പി.എസ്<br>നോർത്ത്, തളിക്കുളം<br>വിരമിച്ചു | കുമ്പള പറമ്പിൽ വീട്<br>എത്തിരുത്തി പി.ഒ |
| 1-43 | 23021 | ശ്രീകല എം., ഹെഡ്മിസ്ട്രസ്,<br>ജി.എം.എൽ.പി.എസ്<br>നോർത്ത്, തളിക്കുളം<br>വിരമിച്ചു | കുമ്പള പറമ്പിൽ വീട്<br>എത്തിരുത്തി പി.ഒ |
| 1-44 | 228109 | സുരേഷ് ബാബു.വി.എസ്<br>സബ്ബ് ഇൻസ്പെക്ടർ ഓഫ്<br>ഫിഷറീസ്<br>വിരമിച്ചു | വെണ്ണ കുടത്ത് വീട്<br>മാടവന പി.ഒ<br>കൊടുങ്ങല്ലൂർ |
| 1-45 | 384000 | ശ്രീകല.എം.പി.,<br>ഹെഡ്മിസ്ട്രസ്<br>ജി.എം.എൽ.പി.എസ്<br>നോർത്ത്, തളിക്കുളം<br>വിരമിച്ചു | കുമ്പള പറമ്പിൽ വീട്<br>എത്തിരുത്തി പി.ഒ |
| 1-46 | 600000 | ഉന്മേഷ്.എ.ആർ, സെക്രട്ടറി | അയിനിക്കാട്ടുപറമ്പിൽ |

| | | | |
|---|---|---|---|
| | | വിരമിച്ച | വീട് പി.ഒ തളിക്കുളം |
| 1-47 | 35898 | “ | “ |
| 1-48 | 600000 | “ | “ |
| 1-49 | 131112 | “ | “ |
| 1-50 | 50000 | “ | “ |

## 4-10 തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 88-89, 89-90 90-91 92-93 മുതൽ 95-96 വരെ | എൽ.എഫ്.ടി.8-എസ്. 201/12 തീയതി. 24/10/11 -28/03/12 |
| 97-98 | എൽ.എഫ്.ടി.14-1760/99 തീയതി 28/03/2000 |
| 98-99 | എൽ.എഫ്.ടി.14-1547/2000 തീയതി 09/05/01 |
| 99-00 | എൽ.എഫ്.ടി.14-212/03 തീയതി 4/07/03 |
| 00-01 | എൽ.എഫ്.ടി.14-213/03 തീയതി 15/09/03 |
| 01-02 | എൽ.എഫ്.ടി.14-1735/03 തീയതി 22/05/03 |
| 02-03 | എൽ.എഫ്.ടി.14-440/05 തീയതി 10/10/05 |
| 03-04 | എൽ.എഫ്.ടി.14-1864/05 തീയതി 26/07/06 |
| 04-05 | എൽ.എഫ്.ടി.14-316/07 തീയതി 29/3/07-5/06/07 |
| 05-06 | എൽ.എഫ്.ടി.14-1963/08 തീയതി 21/12/09 |
| 06-07 | എൽ.എഫ്.ടി.14-669/10 തീയതി 6/09/10 |
| 07-08 | എൽ.എഫ്.ടി.14-1068/10 തീയതി 31/01/11 |
| 08-09 | എൽ.എഫ്.ടി.പി.14-1069/10 തീയതി 31/01/11-29/06/11 |
| 09-10 | എൽ.എഫ്.ടി.പി.1-891/12 തീയതി 7/9/12 |
| 10-11 | എൽ.എഫ്.ടി.പി.1-892/12 തീയതി 7/9/12-5/01/13 |
| 11-12 | എൽ.എഫ്.ടി.പി.1-364/13 തീയതി 12/06/13-4/11/13 |
| 12-13 | എൽ.എഫ്.ടി.പി.1-31/14 തീയതി 4/03/14 4/4/14 |
| 13-14 | കെ.എസ്.എ.ടി.എസ്.ആർ.130/2016/22.1.16- 18.3.2016 |
| 14-15 | കെ.എസ്.എ.ടി.എസ്.ആർ. (പി1)1197/16 തീ. 21.7.16 |
| 15-16 | കെ.എസ്.എ.ടി.എസ്.ആർ. (പി1)9/17 തീ. 30.01.17 |
| 16-17 | കെ.എസ്.എ.ടി.എസ്.ആർ.(പി.1) 1525/17 തീയതി.28.11.17 |
| 17-18 | കെ.എസ്.എ.ടി.എസ്.ആർ.(പി1)873/2019 തീയതി:19.06.2019 |
| 2018-19 | നം. കെ.എസ്.എ.ടി.എസ്.ആർ.(പി.14)1219/2020 തീയതി:30.12.2020 |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം

തൃശ്ശൂർ

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തൃശ്ശൂർ ജില്ലയിലെ തളിക്കുളം ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തൃശ്ശൂർ ജില്ലയിലെ തളിക്കുളം ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്